20
വ്യാഴം
ഒക്ടോബർ 2022
1198 തുലാം 03
Vol 4 Issue No 297

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08

www.keralapranamam.com
infokeralapranamam@gmail.com



# കോൺഗ്രസിനെ നയിക്കാൻ ഇനി മല്ലികാർജ്ജുനഖാർഗെ

**ന്യൂഡൽഹി:** നെഹ്റു കുടുംബത്തിന് പുറത്ത് നിന്ന് 24 വർഷത്തിന് ശേഷം കോൺഗ്രസിന് പുതിയ അധ്യക്ഷൻ. വോട്ടെടുപ്പിലൂടെ മല്ലികാർജുന ഖാർഗെയെ കോൺഗ്രസ് അധ്യക്ഷനായി തിരഞ്ഞെടുത്തു. പോൾ ചെയ്ത 9497 വോട്ടുകളിൽ ഖാർഗെയ്ക്ക് 7897 വോട്ടുകൾ ലഭിച്ചെന്നാണ് റിപ്പോർട്ട്. 1072 വോട്ടുകൾ മാത്രമേ ശശി തരൂരിന് ലഭിച്ചുള്ളൂ. 416 വോട്ടുകൾ അസാധുവായി. ഔദ്യോഗികമായി കോൺഗ്രസ് ഫലപ്രഖ്യാപനം നടത്തിയിട്ടില്ല.

നെഹ്റു കുടുംബത്തിന് പുറത്ത് നിന്ന് ഒരാൾ അധ്യക്ഷ പദവിയിലേക്ക് എത്തി എന്ന് പറയുമ്പോഴും അതേ കുടുംബത്തിന്റെ വിശ്വസ്തനാണ് പകരം വരുന്നത് എന്നതാണ് ശ്രദ്ധേയം. രാജസ്ഥാൻ മുഖ്യമന്ത്രി പദം വിട്ടുകൊടുക്കാൻ ഗഹലോത്ത് തയ്യാറാകാതെ വന്നതോടെ പകരം ഖാർഗെയുടെ രംഗപ്രവേശം. സുതാര്യമെന്ന തിരഞ്ഞെടുപ്പ് എന്ന് അവകാശപ്പെടുമ്പോഴും ഔദ്യോഗിക പരിവേഷം ഖാർഗെയെ തുണച്ചു.മുതിർന്ന നേതാക്കളുടെ പിന്തുണയോടെ ഔദ്യോഗിക പരിവേഷത്തോടെ മത്സരിച്ച ഖാർഗെ വിജയിക്കുമെന്ന് ഏതാണ്ട് ഉറപ്പായിരുന്നെങ്കിലും ശശി തരൂരിന്റെ സാന്നിധ്യവും പ്രചാരണങ്ങളും ഒരു അട്ടിമറി സാധ്യത നിലനിർത്തിയിരുന്നു. വോട്ടെണ്ണൽ പുരോഗമിക്കുന്നതിനിടെ തിരഞ്ഞെടുപ്പിൽ ക്രമക്കേട് നടന്നതായി തരൂർ ടീം ആരോപിച്ചു. ഉത്തർപ്രദേശിലെ തിരഞ്ഞെടുപ്പ് പ്രക്രിയയിലാണ് ക്രമക്കേട് ആരോപിച്ച് തരൂർ പരാതി നൽകിയത്.

പുതിയ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ കർണാടകയിൽ നിന്നുള്ള മുതിർന്ന നേതാവാണ്. രാജ്യസഭാ പ്രതിപക്ഷ നേതാവ് സ്ഥാനം രാജിവെച്ചാണ് അദ്ദേഹം കോൺഗ്രസ് അധ്യക്ഷ തിരഞ്ഞെടുപ്പിൽ മത്സരിച്ചത്. നിയമസഭയിലേക്കും ലോക്സഭയിലേക്കുമായി 12 തവണ തിരഞ്ഞെടുപ്പിനെ നേരിട്ട ഖാർഗെ ഒറ്റ തവണ മാത്രമാണ് തോൽവിയറിഞ്ഞത്. അത് 2019–ലായിരുന്നു. 1972ൽ ആദ്യമായി മത്സരിച്ചത് മുതൽ 2008വരെ തുടർച്ചയായി ഒമ്പത് തവണ കർണാടക നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. സംവരണ സീറ്റായ ഗുർമിത്കൽ മണ്ഡലത്തിൽ നിന്നായിരുന്നു തുടർച്ചയായ വിജയം. ഒരു തവണ ചിതാപുരിൽ നിന്ന് ജയിച്ചു. 2009ലും 2014ലും ഗുൽബർഗയിൽ നിന്നാണ് ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്.

## ഉത്തരവ് വി.സി നടപ്പാക്കിയില്ല; 15 സെനറ്റ് അംഗങ്ങളെ പുറത്താക്കി ഗവർണർ വിജ്ഞാപനമിറക്കി

**തിരുവനന്തപുരം:** സെനറ്റ് യോഗം ബഹിഷ്കരിച്ചതിന്റെ പേരിൽ കേരള സർവകലാശാലയിലെ 15 അംഗങ്ങളെ പുറത്താക്കിയ ചാൻസിലർ കൂടിയായ ഗവർണറുടെ നടപടി അംഗീകരിക്കാത്ത വി.സിക്ക് 15 പേരേയും സ്വന്തം നിലയിൽ പുറത്താക്കി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻറെ മറുപടി. 91 സെനറ്റ് അംഗങ്ങളേയും സർവകലാശാലയേയും ഈ വിവരം അറിയിക്കുകയും ചെയ്തു.

15 പേരെ പുറത്താക്കിയ നടപടി പിൻവലിക്കണമെന്നാവശ്യപ്പെട്ട് കേരള സർവകലാശാല വി.സി ഡോ. വി.പി മഹാദേവൻ പിള്ള ഗവർണർക്ക് കത്തയച്ചിരുന്നു. പുറത്താക്കിയത് നടപടിക്രമങ്ങൾ പാലിച്ചല്ലെന്നായിരുന്നു കത്തിൽ ചൂണ്ടിക്കാട്ടിയിരുന്നത്. ഇതിന് പുറമെ ഗവർണർ പുറത്താക്കിയവർക്ക് നവംബർ നാലിന് നടക്കുന്ന സ്പെഷ്യൽ സെനറ്റ് യോഗത്തിൽ പങ്കെടുക്കാനുള്ള കത്ത് അയച്ച് സർവകലാശാല മുന്നോട്ടുപോകുന്നതിനിടെയാണ് 15 അംഗങ്ങളേയും പുറത്താക്കി ഗവർണർ തന്നെ വിജ്ഞാപനം ഇറക്കിയിരിക്കുന്നത്.

ഉടനടി പുറത്താക്കണമെന്ന് ആവശ്യപ്പെട്ട് ശനിയാഴ്ചയാണ് വി.സി.ക്ക് ഗവർണർ കത്ത് നൽകിയത്. എന്നാൽ ശിക്ഷാനടപടി വിജ്ഞാപനം ചെയ്തിരുന്നില്ല. ഇതിനിടെ വി.സി ഉത്തരവ് നടപ്പാക്കാതെ ശബരിമലയ്ക്കു പേ



ായി. ഇതോടെയാണ് അസാധാരണ നടപടിയുമായി ഗവർണർ രംഗത്തെ



## വിദേശയാത്ര ഗുണകരമായെന്ന അവകാശവാദം അടിസ്ഥാനരഹിതം, മുഖ്യമന്ത്രിയുടേത് തട്ടിക്കൂട്ട് പ്രഖ്യാപനം– സതീശൻ

**തിരുവനന്തപുരം:** വിദേശ സന്ദർശനം അർഥവത്തായിരുന്നെന്നും കേരളത്തിന് ഗുണകരമായ നിരവധി തീരുമാനങ്ങൾ അവിടെ ഉണ്ടായെന്നുമുള്ള മുഖ്യമന്ത്രിയുടെ അവകാശവാദം അടിസ്ഥാനരഹിതമാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. മുഖ്യമന്ത്രി പറഞ്ഞതും യാഥാർത്ഥ്യവും തമ്മിൽ യാതൊരു ബന്ധവുമില്ല. മുഖ്യമന്ത്രിയും മന്ത്രിമാരും വിദേശയാത്ര നടത്തുന്നതിന് പ്രതിപക്ഷം എതിരല്ല. പക്ഷെ, സർക്കാർ ചെലവിൽ വിദേശയാത്ര നടത്തുമ്പോൾ സംസ്ഥാനത്തിന് അതിലൂടെ എന്ത് നേട്ടമാണ് ഉണ്ടായതെന്ന പ്രോഗ്രസ് റിപ്പോർട്ട് വയ്ക്കണമെന്നും സതീശൻ ആവശ്യപ്പെട്ടു.

നാളെയുടെ പദാർത്ഥമെന്ന് ലോകം വിശേഷിപ്പിക്കുന്ന ഗ്രഫീൻ അടിസ്ഥാനമാക്കിയുള്ള പദ്ധതികൾ യാഥാർത്ഥ്യമാക്കുമെന്നാണ് പറയുന്നത്. ഗ്രഫീൻ ഇന്നവേഷൻ സെന്റർ തുടങ്ങാൻ കേരളം തീരുമാനിച്ചെന്ന് 2022 ഫെബ്രുവരിയിൽ മുഖ്യമന്ത്രി ഫേസ്ബുക്ക് പോസ്റ്റ് ഇട്ടിരുന്നു. ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രഫീൻ പദ്ധതി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയും സെന്റർ ഫേർ മെറ്റീരിയൽസ് ഫോർ ഇലക്ട്രോണിക് ടെക്നോളജിയും ചേർന്ന് നടപ്പാക്കുമെന്നാണ് പറഞ്ഞത്. ഇക്കാര്യത്തിൽ ഒരു നടപടിയും ഇതുവരെയുണ്ടായില്ല. ഈ പദ്ധതി എന്തായെന്ന് സർക്കാർ വ്യക്തമാക്കണം.

കേരളത്തിലെ ആരോഗ്യപ്രവർത്തകർക്കും സോഷ്യൽ വർക്കർമാക്കും യു.കെയിലേക്ക് തൊഴിൽ കുടിയേറ്റം സാധ്യമാക്കുന്നതിന് വേണ്ടിയുള്ള ഇടപെടൽ നടത്തിയെന്നാണ് പറയുന്നത്. എന്നാൽ ആദ്യം മുഖ്യമന്ത്രി ഫേസ്ബുക്കിൽ കുറിച്ചത് യു.കെയും കേരളവും തമ്മിൽ ധാരണാപത്രം ഒപ്പിട്ടെന്നാണ്. ഇപ്പോൾ അത് മാറ്റി യു.കെയിലെ ഹംബർ ആൻഡ് നോർത്ത് യോക്ക് ഷെയർ ഹെൽത്ത് ആൻഡ് കെയർ പാർട്ടണർഷിപ്പുമായി നോർക്ക റൂട്ട്സ് ധാരണാപത്രം ഒപ്പ് വച്ചെന്നു പറയുന്നു. ഹെൽത്ത് ആൻഡ് കെയർ പാർട്ടണർഷിപ്പ് എന്നത് ജൂലൈ ഒന്ന് മുതൽ യു.കെയിൽ നിയമം മൂലം നിലവിൽ വന്ന സ്റ്റാറ്റിയൂട്ടറി സ്ഥാപനം മാത്രമാണ്. അല്ലാതെ ഇത് യു.കെ സർക്കാരല്ല. ഈ സ്ഥാനപത്തിലൂടെ ആരെയും ജോലിക്ക് അയയ്ക്കാനാകില്ല.

ലണ്ടനിൽ വച്ച് ഹിന്ദുജ ഗ്രൂപ്പുമായി സംസാരിച്ചെന്നാണ് പറയുന്നത്. ഹിന്ദുജ ബോംബെ ആസ്ഥാനമായുള്ള ഇന്ത്യൻ കമ്പനിയാണ്. അവരുമായി ചർച്ച നടത്താൻ ലണ്ടനിൽ പോകേണ്ട കാര്യമില്ല. മുഖ്യമന്ത്രിയും മന്ത്രിമാരും ഇതിന് മുൻപും നിരവധി വിദേശയാത്രകൾ നടത്തിയിട്ടുണ്ട്. 2019 മേയിൽ നെതർലൻഡ് സന്ദർശിച്ച മുഖ്യമന്ത്രി റൂം ഫോർ റിവർ പദ്ധതി നടപ്പാക്കുമെന്ന് പറഞ്ഞു. മൂന്ന് വർഷം കഴിഞ്ഞിട്ടും നടപ്പായില്ല. അതിന് പകരമായി കേരളത്തെ വെള്ളത്തിൽ മുക്കിക്കൊല്ലുന്ന സിൽവർ ലൈൻ പദ്ധതി നടപ്പാക്കാനാണ് സർക്കാർ ശ്രമിച്ചത്.

2019–ൽ ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങൾ സന്ദർശിച്ചപ്പോൾ 300 കോടി രൂപയുടെ വ്യവസായം കൊണ്ടുവരുമെന്നായിരുന്നു മുഖ്യമന്ത്രിയുടെ പ്രഖ്യാപനം. നീറ്റാ ജലാറ്റിൽ കമ്പനി കേരളത്തിൽ 200 കോടി രൂപയുടെയും ടെറുമോ കോർപറേഷൻ 100 കോടിയുടെയും നിക്ഷേപം നടത്തുമെന്ന് പറഞ്ഞു. ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കാൻ തോഷിബ കമ്പനിയുമായി ലിഥിയം ടൈറ്റാനിയം ഓക്സൈഡ് ബാറ്ററി നിർമ്മിക്കാനുള്ള സാങ്കേതികവിദ്യ കൈമാറാൻ കരാർ ഒപ്പിട്ടെന്നും ടൊയോട്ടയുമായി ചേർന്ന് ഹൈഡ്രജൻ ഫ്യുവൽ സെൽ ഫാക്ടറി തുടങ്ങുമെന്നും പ്രഖ്യാപിച്ചിരുന്നു. ജപ്പാൻ–കൊറിയ സന്ദർശനത്തിന് ശേഷമുള്ള അഞ്ച് പ്രഖ്യാപനങ്ങളും നടന്നില്ല.

2020–ൽ വിദേശ നിക്ഷേപം സ്വീകരിക്കാൻ സംഘടിപ്പിച്ച അസന്റിൽ 22000 കോടി രൂപയുടെ പദ്ധതികളാണ് പ്രഖ്യാപിച്ചത്. ഇതിൽ ഏത് പദ്ധതിയാണ് നടന്നതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണം. ഇതിന്റെ ഭാഗമായി ആഴക്കടൽ മത്സ്യബന്ധനത്തിനായി ഒപ്പിട്ട കമ്പനിയാണ് ഇ.എം.സി.സി. ഇത് വിവാദമായി. ഇതിന് പിന്നാലെ സ്വിസ് കമ്പനിയായ ഹെസ്സുമായി ചേർന്ന് ഇ ബസ് പദ്ധതിക്ക് കരാർ ഒപ്പുവച്ചു. അഴിമതി ആരോപണത്തെ തുടർന്ന് അതും ഒഴിവാക്കി. ഒരു വിദേശ യാത്ര കൊണ്ടും കേരളത്തിന് ഒരു ഗുണവും ഉണ്ടായിട്ടില്ല. എന്തെങ്കിലും നടത്തിയെന്ന് പറയാനുള്ള തട്ടിക്കൂട്ട് പ്രഖ്യാപനങ്ങൾ മാത്രമാണ് മുഖ്യമന്ത്രി ഇന്നലെ പത്രസമ്മേളനത്തിൽ പറഞ്ഞത്.

വിദേശത്ത് പോയി എന്ത് പഠിച്ചു എന്ന് ചോദിച്ചപ്പോൾ, യൂറോപ്പിൽ കാറ് പോകുന്ന വഴിയും സൈക്കിൾ പോകുന്ന വഴിയും നടക്കുന്ന വഴിയുമൊക്കെ ഉണ്ടെന്നാണ് മന്ത്രി പറഞ്ഞത്. ഇതെങ്കിലും പഠിച്ചതിൽ സന്തോഷമെന്നും വി.ഡി.സതീശൻ പറഞ്ഞു.



## ഒമിക്രോണിന്റെ പുതിയ വകഭേദം പിടിമുറുക്കുന്നു, മുന്നറിയിപ്പുമായി മഹാരാഷ്ട്ര സർക്കാർ

മുംബയ് : ഉത്തരേന്ത്യ ദീപാവലി ആഘോഷത്തിലേക്ക് കടക്കവേ കൊവിഡ് കേസുകളിൽ വർദ്ധനവുണ്ടാകുമെന്ന് ആശങ്ക. ഒമിക്രോണിന്റെ പുതിയ വകഭേദമായ എക്സ് ബി ബിയുടെ സാന്നിദ്ധ്യമാണ് ആശങ്കയ്ക്ക് അടിസ്ഥാനം. മഹാരാഷ്ട്ര സർക്കാരാണ് ഇത് സംബന്ധിച്ച് മുന്നറിയിപ്പ് നൽകിയിരിക്കുന്നത്. പുതിയ കൊവിഡ് കേസുകളിൽ സംസ്ഥാനത്തുണ്ടാകുന്ന വർദ്ധനവാണ് മുന്നറിയിപ്പിന് അടിസ്ഥാനം.

കഴിഞ്ഞ ഏഴ് ദിവസങ്ങളിൽ 17.7ശതമാനം വർദ്ധനവാണ് കൊവിഡ് കേസുകളിൽ സംസ്ഥാനത്തുണ്ടായത്. തലസ്ഥാനമായ മുംബയ്, നഗരപ്രദേശങ്ങളായ താനെ, റായ്ഗഡ് എന്നിവിടങ്ങളിലാണ് കേസുകളിൽ വർദ്ധനവുണ്ടായത്.

ഇവിടെ കണ്ടെത്തിയ എക്സ് ബി ബി വകഭേദം വരും ദിവസങ്ങളിൽ കൂടുതൽ പേരിലേക്ക് പടരാമെന്ന് മഹാരാഷ്ട്ര ആരോഗ്യവകുപ്പ് കരുതുന്നു. ശരീരത്തിലെ പ്രതിരോധത്തെ മറികടക്കാനുള്ള ശേഷിയുള്ളതാണ് എക്സ് ബി ബി വകഭേദമെന്നാണ് കരുതുന്നത്. ഈ വകഭേദത്തിന് പുറമേ ബിഎ 2.3.30, ബിക്യു 1 വകഭേദങ്ങളും പുതുതായി സംസ്ഥാനത്ത് കണ്ടെത്തിയിട്ടുണ്ടെന്ന് ആരോഗ്യവകുപ്പ് കൂട്ടിച്ചേർത്തു. പുനെയിൽ നിന്ന് ശേഖരിച്ച സാംപിളുകളിലാണ് ഈ വകഭേദങ്ങൾ തിരിച്ചറിഞ്ഞത്. രാജ്യത്ത് വിവിധഭാഗങ്ങളിലായി എഴുപതോളംപേരിലാണ് എക്സ് ബി ബിവകഭേദംകണ്ടെത്തിയത്.

ഒമിക്രോൺ ബിജെ.1, ബിഎ.2.75 എന്നീ വകഭേദങ്ങൾ കൂടിച്ചേർന്നാണ് എക്സ് ബി ബിയുണ്ടായത്. ഇത് അതിവേഗം പടരുന്നവൈറസാണ്. മഹാരാഷ്ട്രയ്ക്ക് പുറമേ വെസ്റ്റ്ബംഗാൾ, ഒഡീഷ,തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലും പുതിയ വകഭേദത്തിന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ വർഷം ഓഗസ്റ്റിൽ ഇന്ത്യയിലാണ് ഈ വേരിയന്റ് ആദ്യമായി കണ്ടെത്തിയത്, അതിനുശേഷം ബംഗ്ലാദേശ്, ഡെൻമാർക്ക്, ജപ്പാൻ, യുഎസ് എന്നിവയുൾപ്പെടെ 17 ലധികം രാജ്യങ്ങളിൽ ഇത് കണ്ടെത്തിയതായി സിംഗപ്പൂരിലെ ആരോഗ്യ മന്ത്രാലയം അറിയിച്ചു.

### ആശാൻ

മല്ലികാർജുന ഖാർഗെയെ കോൺഗ്രസ് അധ്യക്ഷനായി തിരഞ്ഞെടുത്തു



എറിയാനറിയാവുന്നവന്റെ അടുത്ത് ഒരിക്കലും വടി കിട്ടാറില്ല

## ഖാർഗെയുടെ വിജയം കോൺഗ്രസിന്റെ വിജയം; വിമതനല്ല, മാറ്റത്തിന്റെ സ്ഥാനാർഥിയായിരുന്നു താനെന്ന് തരൂർ

**ഡൽഹി:** താൻ വിമത സ്ഥാനാർഥിയായിരുന്നില്ലെന്നും മാറ്റത്തിന്റെ സ്ഥാനാർഥിയായിരുന്നുവെന്ന് കോൺഗ്രസ് അധ്യക്ഷ സ്ഥാനത്തക്ക് മത്സരിച്ച് പരാജയപ്പെട്ട തിരുവനന്തപുരം എം.പി ശശി തരൂർ. നമ്മൾ സ്ഥിരം ചെയ്യുന്ന ജോലിയുടെ സ്വഭാവത്തിലാണ് മാറ്റംവേണ്ടത്. പാർട്ടിപ്രവർത്തകർക്ക് മുന്നിൽ എപ്പോഴും തുറന്നുകിടക്കുന്ന സമീപനം വേണമായിരുന്നു. തിരഞ്ഞെടുപ്പിൽ ശത്രുതയുടെ പ്രശ്നമില്ലെന്നും പാർട്ടിയെ മികച്ചതാക്കുന്നതിന് വേണ്ടിയുള്ളതായിരുന്നുവെന്നും തരൂർ പറഞ്ഞു. ഡൽഹിയിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു തരൂർ.

രാജ്യത്തിന്റെ നന്മയ്ക്ക് വേണ്ട ദൃഢനിശ്ചയവും മൂല്യവുമുള്ളതാണ് കോൺഗ്രസ് പാർട്ടി. ഒരു വിഭാഗം പാർട്ടി പ്രവർത്തകർക്കിടയിൽ ബന്ധം വിച്ഛേദിക്കപ്പെട്ടെന്ന തോന്നലുണ്ടായി. ഈ തിരഞ്ഞെടുപ്പ് അവർക്കിടയിലുള്ള ആ തോന്നൽ മാറ്റിയിട്ടുണ്ടാവുമെന്നാണ് താൻ പ്രതീക്ഷിക്കുന്നതെന്നും ശശി തരൂർ പറഞ്ഞു. ഞങ്ങളുടെ ഇടയിൽ പ്രത്യേകിച്ച് പരാതിയൊന്നും ഉണ്ടായിരുന്നില്ല. തിരഞ്ഞെടുപ്പ് ഫലം നിർണായകമായിരുന്നു. ഞങ്ങളുടെ ഏറ്റവും നല്ല അക്കൗണ്ടാണ് മുന്നോട്ടുവെച്ചതെന്നും തരൂർ പറഞ്ഞു.ഖാർഗെയുടെ വിജയം കോൺഗ്രസിന്റെ വിജയമാണ്. പാർട്ടിയുടെ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങളെ സംശയിക്കേണ്ട. നീതിയുക്തമായി തന്നെയാണ് തിരഞ്ഞെടുപ്പ് നടന്നത്. പ്രവർത്തകർ ഉണർന്ന് കഴിഞ്ഞു. വരാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ ഇത് വലിയ സ്വാധീനമുണ്ടാക്കുമെന്നും ശശി തരൂർ ചൂണ്ടിക്കാട്ടി.




കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ



മഹാത്മാ ഗാന്ധി

## സോഫ്റ്റ്‌വേർ തകരാർ: എല്ലാ ഫയൽ നീക്കങ്ങളേയും സാരമായി ബാധിച്ചിരിക്കുന്നു

സോഫ്റ്റ്‌വേർ തകരാറിനെത്തുടർന്ന്സെക്രട്ടേറിയറ്റിന്റെ പ്രവർത്തനത്തിലുണ്ടായ താളപ്പിഴ സർക്കാരിന്റെ എല്ലാ ഫയൽ നീക്കങ്ങളേയും സാരമായി ബാധിച്ചിരിക്കുന്നു. നാലുദിവസത്തോളം നീണ്ട തകരാറുകൾ പരിഹരിച്ചെന്ന് സർക്കാർ പറയുമ്പോഴും ഫയൽ നീക്കം പഴയരീതിയിലായിട്ടില്ല. സംസ്ഥാനത്തിന്റെ ഭരണ സിരാകേന്ദ്രമായ സെക്രട്ടേറിയറ്റിലെ പ്രവർത്തനങ്ങൾ ഏതു സാഹചര്യത്തിൽ മുടങ്ങുന്നതും ഗുരുതരമാണ്. സർക്കാരിന്റെ ശ്രദ്ധ ഈ വിഷയത്തിൽ വേണ്ടവിധമുണ്ടായില്ലെന്ന ആക്ഷേപം ജനങ്ങളിലും ജീവനക്കാരിലും സൃഷ്ടിക്കാൻ പാടില്ലായിരുന്നു. നിയമവകുപ്പ് ഒഴികെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പും പൂർണമായും ഇ- ഓഫീസ് സോഫ്റ്റ്‌വേർ വഴിയാണ് ഇപ്പോൾ ഫയലുകൾ നീക്കുന്നത്. പ്രവർത്തനം നിലച്ചതോടെ പുതിയ ഫയലുകൾ തുറക്കാനോ തുറന്ന ഫയലുകൾ കൈകാര്യം ചെയ്യാനോ ഉത്തരവുകൾ ഇറക്കാനോ കഴിയാത്ത നിലയുണ്ടായി. കലക്ടറേറ്റുകൾ, ഡയറക്ടറേറ്റുകൾ, കമ്മിഷണറേറ്റുകൾ എന്നിവിടങ്ങളിൽനിന്നും സെക്രട്ടേറിയറ്റിലേക്കുള്ള ഫയൽ നീക്കവും മുടങ്ങി. അടിയന്തര പ്രാധാന്യമുള്ള ഫയലുകൾ പോലും നീക്കാൻ കഴിയാത്ത സാഹചര്യം ഭരണസ്തംഭനത്തിനു തുല്യ സാഹചര്യമാണ് സൃഷ്ടിച്ചത്. വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷമാണ് തകരാർ കണ്ടെത്തിയത്. ഉച്ചയ്ക്കുശേഷവും ശനിയാഴ്ചയും ജീവനക്കാർ വെറുതേ ഇരുന്നു. തിങ്കളാഴ്ചയോടെ പ്രശ്നങ്ങൾ പരിഹരിച്ച് പ്രവർത്തനം സുഗമമാകുമെന്ന് കണക്കുകൂട്ടിയെങ്കിലും കഴിഞ്ഞ രണ്ടുദിവസവും പ്രവർത്തനം മുടങ്ങി. കോടതിയിൽ സമർപ്പിക്കേണ്ട നിർണായക ഫയലുകളടക്കം കൈകാര്യം ചെയ്യാനോ ഉത്തരവുകൾ ഇറക്കാനോ സാധിച്ചില്ല. നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററും ഐ ടി മിഷനും ചേർന്ന് തകരാൻ പരിഹരിക്കാൻ ശ്രമം നടത്തിയെങ്കിലും ഇത്രയും നീണ്ടത് അങ്ങേയറ്റം ഗൗരവമുള്ള കാര്യം തന്നെ. ഇത്തരം കേന്ദ്രങ്ങളിൽ സംഭവിക്കുന്ന തകരാറുകൾ പരിഹരിക്കുന്നതിന് കാലതാമസം ഉണ്ടാകാതിരിക്കാൻ അടിയന്തര ശ്രദ്ധ കൂടിയേ തീരൂ. നിരവധി പേരാണ് നിത്യവും പലവിധ ആവശ്യങ്ങൾക്കായി സെക്രട്ടേറിയറ്റിൽ കയറിയിറങ്ങുന്നത്. അവരെല്ലാം ബുദ്ധിമുട്ടിലായി. ജീവനക്കാർക്ക് ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. വിദൂര സ്ഥലങ്ങളിൽനിന്ന് ഉൾപ്പെടെ വന്ന ആളുകൾക്ക് മാത്രമല്ല ഉദ്യോഗസ്ഥർക്കും ഈയൊരു സാഹചര്യം കടുത്ത പ്രയാസമുണ്ടാക്കി. ഫയൽ കൈമാറ്റം വൈകുന്നതിന്റെ ഉത്തരവാദിത്വം പിന്നീട് ആരോപിക്കപ്പെടാനുള്ള സാധ്യത ജീവനക്കാർ പേടിയോടെ കാണുന്നു. സോഫ്റ്റ്‌വേർ തകരാർ എന്നതിന് അപ്പുറം സംഭവിച്ചകാര്യങ്ങളിൽ പൂർണ വിശദീകരണം ഇനിയും വന്നിട്ടില്ല. തകരാർ കൃത്യമായി കണ്ടെത്താൻ കഴിയാത്തതാകാം പരിഹാരം വൈകാൻ കാരണമെന്ന് പലരും കരുതുന്നു. ഡേറ്റാ കേന്ദ്രങ്ങളിൽ ഇത്തരം സെർവർ തകരാർ സാധാരണമാണെന്ന് ഈ രംഗത്തെ വിദഗ്ധർ ചൂണ്ടിക്കാണിക്കുമ്പോഴും തകരാർ പരിഹരിക്കാൻ കാലതാമസമുണ്ടാകുന്നതിൽ പന്തികേടുണ്ട്. ഒന്നാം പിണറായി സർക്കാരിന്റെ തുടക്കകാലത്ത് സെക്രട്ടേറിയറ്റ് ജീവനക്കാരെ അഭിസംബോധന ചെയ്യവേ, ഓരോ ഫയലിലും ഓരോ ജീവിതമുണ്ടെന്ന മുഖ്യമന്ത്രിയുടെ ഓർമപ്പെടുത്തൽ ജനത്തിനു പകർന്നത് വലിയ ആവേശമായിരുന്നു. ഫയൽ നീക്കത്തിനു തടസമുണ്ടാകുന്നത് വ്യക്തികളുടെ ജീവിതത്തിലും സംസ്ഥാനത്തിന്റെ പുരോഗതിയിലും നിർണായകമാണ്. അതുകൊണ്ടുതന്നെ ഫയൽനീക്കം സുഗമമാക്കുന്നതിൽ ശ്രദ്ധയുണ്ടാകണമെന്ന ഓർമപ്പെടുത്തൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഇടയ്ക്കിടെ ഉണ്ടാകാറുണ്ട് ഈയൊരു പശ്ചാത്തലത്തിൽ സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപാക്കാൻ മുഖ്യമന്ത്രി അടുത്തിടെ തീവ്രയജ്ഞ പരിപാടി പ്രഖ്യാപിച്ചിരുന്നു. സെപ്റ്റംബർ മുപ്പതിനകം ഫയലുകൾ തീർപ്പാക്കാൻ കർശന നിർദേശം നൽകിയിരുന്നെങ്കിലും പകുതി ഫയലുകളിൽപ്പോലും തീർപ്പുണ്ടായില്ലെന്ന ആക്ഷേപം ശക്തമാണ്. ഓഗസ്റ്റ് 15 വരെയുള്ള കണക്കുപ്രകാരം സെക്രട്ടേറിയറ്റിലും വിവിധ ഡയറക്ടറേറ്റിലുമായി കെട്ടിക്കിടക്കുന്നത് 8,55,088 ഫയലുകളാണെന്നാണ് കണക്ക്. തീവ്രയജ്ഞ പരിപാടിക്കുശേഷവും 5,24,178 ഫയലുകളിൽ തീർപ്ഉണ്ടായിട്ടില്ല. ഫയൽ തീർപാക്കൽ യജ്ഞം അടക്കം പാളിയിരിക്കുന്ന ഈ സന്ദർഭത്തിൽ ഇത്രയേറെ ദിവസം സെക്രട്ടേറിയറ്റിൽ ഫയൽനീക്കം സ്തംഭിച്ചത്ഗുരുതര പ്രശ്നമായെടുത്തുള്ള മുൻകരുതലാണ്ഭാവിയിലേക്കു വേണ്ടത്

## ദയാബായി, സമരം താത്കാലികമായി അവസാനിപ്പിച്ചു

തിരുവനന്തപുരം: എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി സാമൂഹിക പ്രവർത്തക ദയാബായി നടത്തിവന്ന നിരാഹാരസമരം താത്കാലികമായി അവസാനിപ്പിച്ചു.

നിലവിൽ സർക്കാർ നൽകിയ ഉറപ്പുകൾ പാലിക്കുമെന്ന വിശ്വാസത്തിലാണ് സമരം അവസാനിപ്പിക്കുന്നതെന്ന് ദയാബായി പറഞ്ഞു. മന്ത്രിമാരായ വീണാ ജോർജും ആർ ബിന്ദുവും ജനറൽ ആശുപത്രിയിലെത്തി ദയാബായിയെ കണ്ടു. മന്ത്രിമാർ ചേർന്ന് വെള്ളം നൽകിയാണ് സമരം അവസാനിപ്പിച്ചത്.

ദയാബായിയുടെ സമരം അവസാനിച്ചതായി മന്ത്രിമാർ പ്രതികരിച്ചു. സമരസമിതി മുന്നോട്ടുവച്ച ആവശ്യങ്ങൾ അംഗീകരിച്ചതായും ഇരുവരും വ്യക്തമാക്കി. അതേസമയം, എയിംസ് അടക്കമുള്ള വിഷയങ്ങളിൽ തീരുമാനമാകേണ്ടതുണ്ടെന്ന് ദയാബായി പറഞ്ഞു. സമരത്തിന്റെ ആവശ്യങ്ങൾ നമുക്കൊന്നിച്ച് നേടിയെടുക്കാമെന്ന് വീണാ ജോർജ് ദയാബായിയെ അറിയിച്ചു. എൻഡോസൾഫാൻ ദുരിതബാധിതരോടും അവരുടെ കുടുംബങ്ങളോടും അനുഭാവപൂർവമായ നിലപാടാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്നും അവർ പറഞ്ഞു. എപ്പോൾ വേണമെങ്കിലും ബന്ധപ്പെടാമെന്നും എല്ലാ പിന്തുണയും ഉണ്ടാകുമെന്നും ആർ ബിന്ദു വ്യക്തമാക്കി.


വിഷയവുമായി ബന്ധപ്പെട്ട് വ്യക്തമായ ചർച്ചകളാണ് നടത്തിയതെന്ന് വീണാ ജോർജ് പറഞ്ഞു. ഇത് രേഖാമൂലം നൽകിയിട്ടുണ്ട്. ഇതിൽ ചില അവ്യക്തതകൾ ഉണ്ടെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ സമരസമിതിയുമായും ദയാബായിയുമായും ആശയവിനിമയം നടത്തിയെന്നും ചർച്ചചെയ്ത കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. കഴിഞ്ഞ പതിനേഴ് ദിവസമായി സെക്രട്ടറിയേറ്റ് നടയിൽ സമരം നടത്തിവരികയായിരുന്നു ദയാബായി.

## സ്കൂൾ വിനോദയാത്രയ്ക്ക് മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ

തിരുവനന്തപുരം: സ്കൂൾ വിനോദയാത്രയ്ക്ക് മാനദണ്ഡം നിശ്ചയിച്ച് സർക്കാർ.ഒരു അക്കാദമിക വർഷത്തിൽ മൂന്നുദിവസം മാത്രമേ യാത്രയ്ക്ക് പാടുള്ളൂ. യാത്രയ്ക്ക് മുൻപായി രക്ഷിതാക്കളുടെ യോഗം വിളിച്ച് വിശദാംശം അറിയിക്കണം. സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നിർദേശം ബാധകമാണ്.

യാത്ര പുറപ്പെടും മുൻപ് പൊലീസിലും ഗതാഗത വകുപ്പിലും അറിയിക്കണം. സർക്കാർ അംഗീകൃത ടൂർ ഓപ്പറേറ്റർമർ വഴി മാത്രമേ വിനോദയാത്ര അനുവദിക്കുള്ളൂ. രാത്രി പത്തിനും പുലർച്ചെ അഞ്ചിനും ഇടയിൽ യാത്ര ചെയ്യരുതെന്നും വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ മാനദണ്ഡത്തിൽ പറയുന്നു.

വടക്കഞ്ചേരിൽ വിനോദയാത്രക്ക് പോയ ടൂറിസ്റ്റ് ബസ് കെഎസ്ആർടിസി ബസിൽ ഇടിച്ച് വിദ്യാർത്ഥികൾ അടക്കം 9പേർ മരിച്ച സംഭവത്തിന് പിന്നാലെയാണ് വിനോദയാത്രകൾക്ക് മാനദണ്ഡം നിർദേശിച്ച് സർക്കാർ ഉത്തരവിറക്കിയിരിക്കുന്നത്.



## ഖേർസണിൽ സ്ഥിതി ദുഷ്കരം: യുക്രൈനിൽ കനത്തതിരിച്ചടി നേരിടുന്നെന്ന് സമ്മതിച്ച് റഷ്യൻ കമാൻഡർ

**മോസ്കോ:** ആഴ്ചകൾക്ക് മുമ്പ് റഷ്യ പിടിച്ചെടുത്ത ഖേർസൺ അടക്കമുള്ള നഗരങ്ങളിൽ യുക്രൈൻ സൈന്യം കനത്ത തിരിച്ചടിയാണ് നൽകുന്നതെന്ന് തുറന്ന് സമ്മതിച്ച റഷ്യൻ സൈനിക മേധാവി.

തെക്കൻ നഗരമായ ഖേർസണിന്റെ സ്ഥിതി വളരെ മോശമായേക്കുമെന്നും ജനങ്ങളെ ഒഴിപ്പിക്കുകയാണെന്നും റഷ്യൻ കമാൻഡർ ജനറൽ സെർജി സുറോവികിൻ പറഞ്ഞു. യുക്രൈൻ സൈന്യത്തിന്റെ റോക്കറ്റാക്രമണത്തിൽ നഗരത്തിലെ അടിസ്ഥാന സൗകര്യങ്ങൾ തകരുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. അപൂർവ്വമായിട്ടാണ് റഷ്യ ഇത്തരത്തിൽ തിരിച്ചടികൾ തുറന്ന് സമ്മതിക്കാറുള്ളത്. റഷ്യയിലെ ഒരു ചാനലിനോട് സംസാരിക്കവെയാണ് സൈനിക മേധാവി ഇക്കാര്യം പറഞ്ഞത്.

'എല്ലാത്തിനുമുപരി ജനങ്ങളെ ഖേർസണിൽനിന്ന് സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റാൻ റഷ്യൻ സൈന്യം ആവശ്യമായതെല്ലാം ചെയ്യും' റഷ്യൻ കമാൻഡർ പറഞ്ഞു. നഗരം വിടുന്നതിന് വേണ്ടി തയ്യാറെടുപ്പുകൾ നടത്താൻ റഷ്യൻ അധികൃതർ ഖേർസണൻ നിവാസികൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. 'കഴിയുന്നത്ര വേഗത്തിൽ ഒഴിഞ്ഞുമാറണം. നിപ്പർ നദിയുടെ പടിഞ്ഞാറ് ഭാഗത്തുള്ളവരുടെ സ്ഥിതി വളരെ ദുഷ്കരമായ സ്ഥിതിയിലാണ് സെർജി സുറോവികിൻ ടെലിഗ്രാം ശബ്ദസന്ദേശത്തിലൂടെ പങ്കുവെച്ചു.

റഷ്യ അധിനിവേശത്തിലൂടെ പിടിച്ചടുത്ത യുക്രൈന്റെ ഒരേയൊരു പ്രാദേശിക തലസ്ഥാനമാണ് ഖേഴ്സൺ. ഇത് കൂടാതെ മറ്റു മൂന്ന് യുക്രൈൻ പ്രദേശങ്ങൾകൂടി പിടിച്ചെടുത്തതായി റഷ്യ അവകാശപ്പെടുന്നുണ്ടെങ്കിലും അതിന് സ്ഥിരീകരണമില്ല.

യുദ്ധത്തിന് മുമ്പ് 3 ലക്ഷത്തിനടുത്തായിരുന്നു ഖേർസണിലെ ജനസംഖ്യ. അതിൽ പകുതിയോളം പേർ ഇവിടെ നിന്നും പലായനം ചെയ്തുവെന്നാണ് യുക്രൈൻ കണക്കാക്കുന്നത്.



## ലോകത്തെ ഏറ്റവും വലിയ പ്രതിരോധ നിർമാണ കേന്ദ്രമായി ഇന്ത്യ ഉയർന്നുവരും– രാജ്നാഥ് സിങ്

**ഗാന്ധിനഗർ:** ലോകത്തെ ഏറ്റവും വലിയ പ്രതിരോധ നിർമാണ കേന്ദ്രമായി 25 വർഷത്തിനുള്ളിൽ ഇന്ത്യ ഉയർന്നുവരുമെന്ന് പ്രതിരോധ മന്ത്രി രാജ്നാഥ് സിങ്. ഗാന്ധിനഗറിൽ നടക്കുന്ന ഡിഫൻസ് എക്സ്പോ 2022 നെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.അഭിമാനത്തിലേക്കുള്ള പാതയെന്ന എക്സ്പോ തീം വെറുംവാക്കല്ലെന്നും പുതിയ ഇന്ത്യയുടെ പുതിയ ലക്ഷ്യമാണെന്നും മന്ത്രി പറഞ്ഞു. ഇത്തരമൊരു എക്സ്പോ അമൃത് കാലിന് മുന്നോടിയായിട്ടാണ് സംഘടിപ്പിക്കുന്നത്. ഇത് രാജ്യത്തെ സംരക്ഷിക്കാനും ലോകത്തിന്റെ പ്രതിരോധ ഉൽപ്പാദന കേന്ദ്രമായി രാജ്യത്തെ മാറ്റാനുമുള്ള നമ്മുടെ ദൃഢനിശ്ചയത്തെ പ്രതിഫലിപ്പിക്കുന്നുവെന്നും മന്ത്രി പറഞ്ഞു.

പ്രധാനമന്ത്രി നരേന്ദ്രമോദി എക്സ്പോ പ്രതിനിധികളെ സ്വാഗതംചെയ്തു. ഇത് പുതിയ ഇന്ത്യയുടെ ചിത്രമാണ്. ഇന്ത്യൻ കമ്പനികൾ മാത്രം പങ്കെടുക്കുന്ന എക്സ്പോയെന്ന പ്രത്യേകതയാണ് ഈ ഡിഫൻസ് എക്സ്പോയ്ക്കുള്ളത്. മാത്രമല്ല, മെയ്ഡ് ഇൻ ഇന്ത്യ ഉപകരണങ്ങൾ മാത്രമാണ് പ്രദർശനത്തിനുള്ളത്. ഇന്ത്യൻ യുവാക്കളുടെ ശക്തിയും സ്വപ്നവുമാണിതെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

## ഗാസിയാബാദിലെ കൂട്ടബലാത്സംഗം; നിർഭയയെ ഓർമിപ്പിക്കുന്നുവെന്ന് വനിതാകമ്മീഷൻ

**ന്യൂഡൽഹി:** ഗാസിയാബാദിൽ യുവതി കൂട്ടബലാത്സംഗത്തിനിരയായ സംഭവം നിർഭയയെ ഓർമിപ്പിക്കുന്നുവെന്ന് ഡൽഹി വനിതാ കമ്മീഷൻ. അതിക്രൂരവും അസ്വസ്ഥതപ്പെടുത്തുന്നതുമാണ് ഈ റിപ്പോർട്ട്. കേസിലെ എല്ലാ പ്രതികളേയും ഉടൻ അറസ്റ്റ് ചെയ്യണം. ഇവർക്ക് കടുത്ത ശിക്ഷ ഉറപ്പാക്കണമെന്നും വനിതാകമ്മീഷൻ അധ്യക്ഷ സ്വാതി മലിവാൾ പറഞ്ഞു.ഒക്ടോബർ 16-നായിരുന്നു അതിക്രൂരമായ സംഭവം നടന്നത്. സഹോദരന്റെ പിറന്നാളാഘോഷത്തിന് പോകാനായി റോഡിന് സമീപത്ത് ഓട്ടോറിക്ഷയ്ക്കായി കാത്തുനിന്ന യുവതിയെ തട്ടിക്കൊണ്ടുപോയി ക്രൂരപീഡനത്തിനിരയാക്കുകയായിരുന്നു. കയ്യും കാലും കെട്ടി ബലാത്സംഗത്തിനിരയാക്കുകയും സ്വകാര്യഭാഗത്ത് ഇരുമ്പുദണ്ഡ് അടിച്ചുകയറ്റുകയും ചെയ്തു. രണ്ട് ദിവസത്തോളം ക്രൂരപീഡനത്തിനിരയാക്കിയതിനുശേഷം ചാക്കിൽ കെട്ടി ഉപേക്ഷിച്ചു. അഞ്ച് പേരുള്ള സംഘമാണ് കൃത്യത്തിന് പിന്നിലുള്ളത്. ഡൽഹിയിലെ ആശുപത്രിയിൽ ചികിത്സയിലുള്ള പെൺകുട്ടിയുടെ നില അതീവഗുരുതരമായി തുടരുകയാണ്.

പ്രതികൾക്കെതിരേ ശക്തമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് വനിതാ കമ്മീഷൻ ഡൽഹി പോലീസ് കമ്മീഷണർക്ക് കത്തയച്ചു. ഡൽഹിയിലെ സ്ത്രീകളുടേയും കുട്ടികളുടെയും സുരക്ഷസംബന്ധിച്ച ആശങ്കയും വനിതാകമ്മീഷൻ പങ്കുവെച്ചു.




## സൗദിയുടെ നീക്കത്തിന് തിരിച്ചടിയായി കരുതൽ ശേഖരം തുറക്കാൻ അനുമതി നൽകി ബൈഡൻ, പെട്രോൾ വില കുറയും

പെട്രോൾ വില സ്ഥിരത ഉറപ്പാക്കാൻ ഉദ്പാദനം വെട്ടിക്കുറയ്ക്കാൻ സൗദി, റഷ്യ തുടങ്ങിയ എണ്ണ ഉദ്പാദക രാഷ്ട്രങ്ങളടങ്ങിയ ഒപെക് പ്ലസിന്റെ തീരുമാനം അമേരിക്കയെ ചൊടിപ്പിച്ചിരുന്നു.

റഷ്യയ്ക്കൊപ്പം സൗദി ചേർന്നതാണ് അമേരിക്കയെ പ്രകോപിപ്പിച്ചത്. ഇതിന് മറുപടിയായി തന്ത്രപ്രധാനമായ കരുതൽ ശേഖരത്തിൽ നിന്നും 14 ദശലക്ഷം ബാരൽ എണ്ണ വിപണിയിലേക്ക് ഇറക്കാനുള്ള നിർണായക തീരുമാനം അമേരിക്ക കൈക്കൊണ്ടതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇത് സംബന്ധിച്ച് പ്രസിഡന്റ് ജോ ബൈഡൻ ഈ ആഴ്ച പ്രഖ്യാപനം നടത്തുമെന്ന് അന്താരാഷ്ട്ര മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

അമേരിക്കയിൽ ഇന്ധന വിലയിൽ ഉണ്ടായ വർദ്ധനവും, പ്രതിപക്ഷ പാർട്ടികളിൽ നിന്ന് ഉയരുന്ന വിമർശനവും തണുപ്പിക്കുക എന്ന ഉദ്ദേശവും കരുതൽ ശേഖരം തുറക്കാൻ ബൈഡനെ പ്രേരിപ്പിച്ചിട്ടുണ്ട്. ഇത് രണ്ടാമത്തെ തവണയാണ് ഈ വർഷം അമേരിക്ക കരുതൽ ശേഖരം തുറക്കുന്നത്. കഴിഞ്ഞ മേയ് മാസത്തിലും 14 ദശലക്ഷം ബാരൽ എണ്ണ പുറത്തെടുത്തിരുന്നു. 180 ദശലക്ഷം ബാരലാണ് അമേരിക്കയുടെ കരുതൽ ശേഖരത്തിലുള്ളത്.

റഷ്യൻ എണ്ണയ്ക്ക് മേൽ അമേരിക്കയുടേയും സഖ്യകക്ഷികളുടേയും ഉപരോധമാണ് ലോകമെമ്പാടും എണ്ണ വില വർദ്ധിക്കാൻ ഇടയാക്കിയത്. എണ്ണ വില വരും മാസങ്ങളിലും കത്തിക്കയറിയാൽ കരുതൽ ശേഖരം വീണ്ടും തുറക്കുന്നതടക്കമുള്ള കടുത്ത നടപടികളിലേക്ക് കടക്കാൻ ബൈഡൻ നിർബന്ധിതനായേക്കും.





# ദീപാവലി വർണശബളമാക്കാൻ പടക്കവിപണി

**കൊല്ലം:** ദീപാവലി വർണശബളമാക്കാൻ അപകടരഹിതവും നൂതനവുമായ പടക്കങ്ങളുമായി വിപണി സജീവം. രണ്ട് ദിവസമായി പെയ്യുന്ന മഴ ചെറിയ ആശങ്ക ഉണ്ടാക്കുന്നെങ്കിലും വരുംദിവസങ്ങളിൽ സ്ഥിതി മാറുമെന്ന പ്രതീക്ഷയിലാണ് വ്യാപാരികൾ.കൊല്ലം നഗരപ്രദേശത്ത് എട്ടോളം കടകൾക്കാണ് പടക്കം വിൽക്കാൻ ലൈസൻസ് ലഭിച്ചത്. പതിവുപോലെ ശിവകാശിയിൽനിന്നാണ് ഇത്തവണയും പടക്കം കൂടുതലായി എത്തിയത്. ആയിരത്തിലധികം ഇനങ്ങളാണ് വിപണിയിലുള്ളത്. 10 മുതൽ 5000 രൂപക്ക് മുകളിൽ വില വരുന്ന ഇനങ്ങളുണ്ട്. ശബ്ദത്തേക്കാൾ നിറങ്ങൾക്ക് പ്രാമുഖ്യം നൽകിയാണ് കൂടുതൽ ഇനങ്ങളും. കൂടുതൽ വർണപ്പൊലിമ തീർക്കുന്ന ചൈനീസ് ഇനങ്ങൾക്കാണ് ആവശ്യക്കാരേറെ. തീയിൽ കൈവെച്ചാൽപോലും പൊള്ളാത്ത കൂൾ ഫയറുകളാണ് മുഖ്യ ആകർഷണം.വാട്ടർ ഫൗണ്ടനാണ് ഇത്തവണത്തെ പ്രത്യേക ഇനം. പൊള്ളലേൽക്കാൻ സാധ്യതയില്ലാത്ത വാട്ടർ ഫൗണ്ടന് 100 മുതൽ 300 രൂപ വരെയാണ് വില. മയൂരനൃത്തം പോലെ മനോഹാരിത വിടർത്തുന്ന പീക്കോക്ക് മറ്റൊരു ആകർഷണം. 100 രൂപ മുതൽ ലഭിക്കും. അഞ്ച് സെ.മീ മുതൽ 50 സെ.മീ വരെ നീളമുള്ള കമ്പിത്തിരിക്കും ആവശ്യക്കാരെറെയാണ്. ഹെലികോപ്റ്റർ, ക്രാക്ലിങ് കോക്കനട്ട്, ഡ്രോൺ തുടങ്ങി കാഴ്ചയിലും പേരിലും പുതുമകൾ നിരവധിയാണ്. കത്തിച്ചുവിട്ടാൽ ആകാശത്ത് പോയി പൊട്ടി വർണങ്ങൾ നിറക്കുന്ന ഇനങ്ങളാണ് വിപണിയിൽ മുൻപന്തിയിലുള്ളത്. സിംഗിൾ ഷോട്ട്, 15 ഷോട്ട്, 30 ഷോട്ട് തുടങ്ങി 240 ഷോട്ട് വരെയുള്ള പടക്കങ്ങളുണ്ട്. നാൽപതോളം ഇനങ്ങളടങ്ങിയ ഗിഫ്റ്റ് ബോക്സുകളും വിപണിയിലുണ്ട്. മത്താപ്പ്, ചക്രം, കയർ തുടങ്ങിയ പതിവുതാരങ്ങളും ഒപ്പമുണ്ട്.അപകടരഹിതമായി കൈകാര്യം ചെയ്യാനാവുംവിധം സുരക്ഷിതമായ പടക്കങ്ങളാണ് ഇത്തവണ എത്തിച്ചിരിക്കുന്നത് ചിന്നക്കട ക്ലോക്ക് ടവറിനു സമീപമുള്ള കെ ആൻഡ് കെ ക്രാക്കേഴ്സ് ഉടമ എ. മണികണ്ഠൻ പറഞ്ഞു. പൊള്ളലേൽക്കാത്തതും അനായാസം കൈകാര്യം ചെയ്യാവുന്ന രീതിയിലുള്ളതുമായ ഇനങ്ങൾക്കാണ് ആവശ്യക്കാരേറെയെന്നും അദ്ദേഹം പറഞ്ഞു.



# ടഗ് തിരയിൽപെട്ട് മറിഞ്ഞു; തൊഴിലാളികൾ രക്ഷപ്പെട്ടു

**കൊല്ലം:** കൊല്ലം തീരത്ത് നങ്കൂരമിട്ടിരുന്ന ടഗ് ബോട്ട് തിരയിൽപെട്ട് മറിഞ്ഞു. യന്ത്രത്തകരാർ പരിഹരിക്കാൻ കൊച്ചിയിലേക്ക് പോകും വഴി ടഗ് നിന്നുപോയതിനാൽ തിരികെ കൊണ്ടുവരുന്നതിനിടെയാണ് അപകടം. കൊല്ലം തീരത്തിനടുത്തെത്തിയശേഷം നങ്കൂരമിടാൻ അനുമതി കാത്തുകിടക്കുന്നതിനിടെ ശക്തമായ തിരയിൽ പെട്ട് കടൽഭിത്തിയിലേക്ക് ഇടിച്ചുകയറി മറിയുകയായിരുന്നു. അന്തർ സംസ്ഥാന തൊഴിലാളികളായ ആറ് പേർ അദ്ഭുതകരമായി രക്ഷപ്പെട്ടു.ഗുജറാത്ത് സ്വദേശി വിനയ് വർമയുടെ ഉടമസ്ഥതയിലുള്ള എം.ടി സാവിത്രി ടഗാണ് ചൊവ്വാഴ്ച്ച പുലർച്ച 4.30ഓടെ ചവറ നീണ്ടകര ഫൗണ്ടേഷൻ ആശുപത്രിക്ക് പടിഞ്ഞാറ് തിരയിൽ പെട്ടത്. ടഗിലുണ്ടായിരുന്ന ഒഡിഷ ബഡാപാലി രാജ് നഗറിൽ പ്രകാശ് പ്രധാൻ (27), ആന്ദ്രപ്രദേശ് നൻപാട് മണികണ്ഠൻ (21), പശ്ചിമ ബംഗാൾ ദുർഗാപൂർ അബുലഹബ് ( 30), ആന്ദ്ര സ്വദേശി ജി. ബാലകൃഷ്ണൻ (32), ബിഹാർ പട്ന സ്വദേശി പ്രദീപ് കുമാർ (30), ഒഡിഷ സ്വദേശി രാജേന്ദ്രകുമാർ പ്രധാൻ (25) എന്നിവരാണ് രക്ഷപ്പെട്ടത്.വിഴിഞ്ഞം തുറമുഖ നിർമാണവുമായി ബന്ധപ്പെട്ടെത്തിയ ടഗ് അഞ്ചുമാസമായി കൊല്ലം തങ്കശ്ശേരി ബ്രേക്ക് വാട്ടർ ഭാഗത്ത് നങ്കൂരമിട്ടിരിക്കുകയായിരുന്നു. രണ്ട് എൻജിനുള്ള ടഗിന്റെ ഒരു യന്ത്രം വെള്ളത്തിൽ വീണതിനെ തുടർന്ന് അറ്റകുറ്റപ്പണികൾക്കായി കൊച്ചിയിലേക്ക് പോകുന്ന വഴി രണ്ടാമത്തെ യന്ത്രവും തകരാറിലായി. തൊഴിലാളികൾ വിവരം അറിയിച്ചതിനെ തുടർന്ന് നീണ്ടകരയിൽനിന്ന് ബോട്ടെത്തി ടഗിനെ കെട്ടിവലിച്ച് നീണ്ടകര തുറമുഖത്തിന് സമീപമെത്തിച്ചു. തുറമുഖത്തേക്ക് അടുപ്പിക്കാൻ പോർട്ട് ഉദ്യോഗസ്ഥരുടെ അനുമതിക്കായി നങ്കൂരമിട്ട് കിടക്കുന്നതിനിടെ ശക്തമായ കാറ്റിലും തിരയിലും നങ്കൂരം പൊട്ടി പാറയിൽ ഇടിച്ചുകയറി മറിയുകയായിരുന്നു.ടഗിലുണ്ടായിരുന്നവർ കരയിലേക്ക് ചാടി രക്ഷപ്പെട്ടു. നിസ്സാര പരിക്കേറ്റ ഇവർ നീണ്ടകര ഫൗണ്ടേഷൻ ആശുപത്രിയിൽ ചികിത്സ തേടി.



# അർദ്ധരാത്രി മകന്റെ മുന്നിൽ വച്ച്യുവതിയെ വലിച്ചിഴച്ച് പൊലീസ് ജീപ്പിൽ കയറ്റി; പരാതി

**മലപ്പുറം:** പത്തുവയസുകാരനായ മകൻ നോക്കിനിൽക്കേ യുവതിയെ വലിച്ചിഴച്ച് പൊലീസ് സ്റ്റേഷനിൽ കൊണ്ടുപോയതായി പരാതി.മലപ്പുറം മഞ്ചേരിയിലാണ് സംഭവം. മഞ്ചേരി കൂമംകുളം സ്വദേശിനി അമൃത എൻ ജോസാണ് പൊലീസിനെതിരെ രംഗത്തെത്തിയത്. എന്നാൽ രാത്രി ടൗണിൽ പാർക്ക് ചെയ്ത വാഹനത്തിൽ പരിശോധന നടത്തുന്നത് തടഞ്ഞതിന്റെ പേരിലാണ് നടപടിയെന്നാണ് പൊലീസിന്റെ വിശദീകരണം. ദൃശ്യങ്ങൾ സഹിതമാണ് യുവതി പരാതിനൽകിയത്.രാത്രി ചായ കുടിക്കാൻ വാഹനം നിർത്തിയപ്പോൾ അപ്രതീക്ഷിതമായി എത്തിയ പൊലീസ് തട്ടിക്കയറിയെന്നും അസഭ്യം പറഞ്ഞെന്നുമാണ് യുവതിയുടെ പരാതിയിൽ പറയുന്നത്. സംഭവത്തിന്റെ ദൃശ്യങ്ങൾ മൊബൈൽ ഫോണിൽ പകർത്താൻ ശ്രമിച്ച സഹോദരനിൽ നിന്നും പൊലീസുകാർ ഫോൺ പിടിച്ചുവാങ്ങി. ഒപ്പമുണ്ടായിരുന്ന സുഹൃത്തുക്കൾക്കും മർദനമേറ്റു. ഇവർക്കൊപ്പം പത്ത് വയസുകാരനായ കുട്ടിയുണ്ടെന്ന പരിഗണന പോലും നൽകിയില്ലെന്നും പരാതിയിൽ പറയുന്നു.വനിതാ കമ്മീഷൻ, ബാലാവകാശ കമ്മീഷൻ, മനുഷ്യാവകാശ കമ്മീഷൻ എന്നിവർക്കാണ് യുവതി പരാതി നൽകിയത്. ടൗണിൽ ലഹരി സംഘങ്ങളുടെ സാന്നിദ്ധ്യം സജീവമായ ഭാഗത്താണ് ഇവർ കാർ പാർക്ക് ചെയ്തതെന്നും, വാഹനം പരിശോധിക്കാൻ ചെന്നപ്പോൾ തടഞ്ഞതുകൊണ്ടാണ് യുവതിയെ അടക്കം കസ്റ്റഡിയിൽ എടുക്കേണ്ടിവന്നതെന്ന് മഞ്ചേരി പൊലീസ് പറഞ്ഞു.



# അരി വില കുതിക്കുന്നു; ജനം കിതക്കുന്നു

**പത്തനംതിട്ട:** പൊതുവിപണിയിൽ അരിയുടെ വില വൻവർധന സാധാരണക്കാരൻറെ പോക്കറ്റ് കാലിയാക്കുന്നു.ഇപ്പോൾ ഒരു കിലോ അരിക്ക് 60 രൂപയായിട്ടുണ്ട്. കഴിഞ്ഞ രണ്ടുവർഷം കൊണ്ട് നെല്ല് ഉൽപാദനത്തിൽ വലിയ കുറവുണ്ടായതോടെ വിപണിയിൽ അരിക്ക് ക്ഷാമമുണ്ട്. ജില്ലയിൽ കൂടുതലും മട്ട അരിയും പൊന്നി അരിയുമാണ് വിറ്റുപോകുന്നതെന്ന് വ്യാപാരികൾ പറയുന്നു. മൊത്ത വിലയെക്കാൾ 10 രൂപ കൂട്ടിയാണ് ജില്ലയിൽ സാധാരണക്കാരൻറെ കൈയിലേക്ക് അരി എത്തുന്നത്.44 മുതൽ 56 രൂപ വരെയാണ് മട്ട അരിയുടെ മൊത്ത വില. പൊന്നിഅരിക്ക് 31 മുതൽ 53 രൂപ വരെയാണ് മൊത്ത വില ഈടാക്കുന്നത്.ജില്ലയിലേക്ക് അരി എത്തുന്നത് കൂടുതലും കർണാടക, ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നാണ്. 70 ശതമാനത്തോളം അരിയും ജില്ലയിലെത്തുന്നത് ഇതര സംസ്ഥാനങ്ങളിൽനിന്നാണ്. പാലക്കാട്, കുട്ടനാട് എന്നിവിടങ്ങളിൽനിന്ന് ബാക്കി 30 ശതമാനത്തോളം എത്തുന്നു.മറ്റ് സംസ്ഥാനങ്ങളിൽ നെല്ലിന്റെ ഉൽപാദനം കുറഞ്ഞതാണ് അരിയുടെ വില വർധിക്കാൻ പ്രധാന കാരണം. കോവിഡിനെ തുടർന്ന് കൃഷി കുറഞ്ഞു. ശബരിമല സീസൺ അടുത്തതോടെ ഇനിയും വില വർധിക്കുമെന്നാണ് വ്യാപാരികൾ പറയുന്നത്.



# 'അച്ഛൻ ഇനി ഈ ഭൂമിയിൽ ജീവിക്കണ്ട', മകൻ കൊല്ലുമെന്ന സ്ഥിതി വന്നപ്പോൾ ജോലി പോയാലും വേണ്ടില എന്ന് കരുതി ഫയർ ചെയ്യുകയായിരുന്നുവെന്ന് സിഐ

**കോഴിക്കോട്** എരഞ്ഞിപ്പാലത്ത് അച്ഛനേയും അമ്മയേയും കുത്തി പരിക്കേൽപ്പിച്ച മകനെ കഠിന പരിശ്രമത്തിനൊടുവിലാണ് പൊലീസ് പിടികൂടിയത്.ലഹരിക്ക് അടിമയായ ഷൈൻ ആണ് സ്വന്തം മാതാപിതാക്കളായ ഷാജി (50), ബിജി (48) എന്നിവരെ കുത്തിക്കീറിയത്. ഗുരുതരമായി പരിക്കേറ്റ ഇരുവരെയും കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കഴുത്തിനും നെഞ്ചിനും കുത്തേറ്റ ഷാജിയുടെ നില അതീവ ഗുരുതരമായി തുടരുകയാണ്. കേരളം വലിയ നടുക്കത്തോടെയും അമ്പരപ്പോടെയും കേട്ട ആ സംഭവത്തെ കുറിച്ച് പറയുകയാണ് നടക്കാവ് എസ് എച്ച് ഒ. അദ്ദേഹത്തിന്റെ വാക്കുകൾ.''രാത്രി 10.30 മണിയോടെയാണ് എസ്ഐ സംഭവത്തെ കുറിച്ച് എന്നെ അറിയിക്കുന്നത്.ആ സമയത്ത് പ്രതി തന്റെ അമ്മയെ കുത്തി പ്പരിക്കേൽപ്പിച്ചിരുന്നു. അവരെ വളരെ പരിശ്രമപ്പെട്ടാണ് രക്ഷിച്ചത്. പിന്നീടാണ് കാല് പൊട്ടിക്കിടക്കുന്ന അച്ഛനെ കുത്തികൊല്ലുമെന്ന അവസ്ഥയിലേക്ക് പ്രതി എത്തിയത്. അപ്പോഴാണ് എസ്ഐയുടെ കോൾ എത്തുന്നത്. സംഭവത്തിന്റെ ഗുരുതരാവസ്ഥ മനസിലായതോടെ തോക്ക് കൂടെക്കരുതി. അസിസ്റ്റന്റ് കമ്മിഷണറെ വിളിച്ച് അനുമതി ചോദിച്ചു. വളരെ സൂക്ഷിക്കണം, അത്യാവശ്യം വന്നാൽ മാത്രമേ ഉപയോഗിക്കാവൂ എന്നായിരുന്നു അദ്ദേഹത്തിന്റെ നിർദേശം. തുടർന്ന് 10.30 മുതൽ 1.30 വരെ അവനെ അനുനയിപ്പിക്കാനുള്ള ശ്രമമാണ് നടത്തിയത്. പക്ഷേ പെട്ടെന്നവൻ ഭയങ്കരമായി വയലന്റായി. ഇനി അച്ഛൻ ഈ ഭൂമിയിൽ വേണ്ട, തന്നെ ശ്രദ്ധിക്കാതെ പെങ്ങൾക്കു മാത്രമാണ് ശ്രദ്ധ കൊടുക്കുന്നത് എന്ന് പറഞ്ഞുകൊണ്ടാണ് കുത്താൻ ചെന്നത്. ചെറിയൊരു റൂമായതിനാൽ പെട്ടെന്ന് എന്തെങ്കിലും ചെയ്യാനും കഴിയാത്ത അവസ്ഥയായിരുന്നു, അച്ഛനെ കൊല്ലുമെന്ന സ്ഥിതി വന്നപ്പോൾ ജോലി പോയാലും വേണ്ടില എന്ന് കരുതി ഫയർ ചെയ്യുകയായിരുന്നു. യൂണിഫോമിട്ട് നമ്മൾ അവിടെ നിൽക്കുമ്ബോൾ ഒരാളുടെ ജീവൻ നഷ്ടപ്പെട്ടാൽ പിന്നെന്താണ് കാര്യം?''



# ഫൈൻ മുഖ്യം! പെറ്റി പിടിക്കാനുള്ള ക്വാട്ട തികഞ്ഞില്ല, റോഡിൽ പരിശോധന നടത്തിയ പൊലീസുകാരന് കാരണം കാണിക്കൽ നോട്ടീസ്

**തൃശൂർ:** മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ പിടികൂടുന്നതിലെ ക്വാട്ട തികക്കാതിരുന്ന പൊലീസുകാരന് കാരണം കാണിക്കൽ നോട്ടീസ് നൽകി ജില്ലാ പൊലീസ്.തൃശൂർ സിറ്റി പൊലീസ് കൺട്രോൾ റൂമിലെ പൊലീസുകാരനാണ് മേലുദ്യോഗസ്ഥൻ കാരണം കാണിക്കൽ നോട്ടീസ് നൽകിയത്. മദ്യപിച്ച് വണ്ടിയോടിക്കുന്നവരെ പിടിക്കുന്നതിന് നൽകിയ ടാർജറ്റ് തികഞ്ഞില്ലെന്നാണ് കാരണം.മദ്യപിച്ച് വണ്ടിയോടിക്കുന്ന രണ്ട് പേരെയെങ്കിലും പിടികൂടാനായിരുന്നു നിർദ്ദേശം. എന്നാൽ പൊലീസുകാരന് ഒരാളെ മാത്രമേ പിടികൂടാൻ കഴിഞ്ഞിരുന്നുള്ളൂ. ക്വാട്ട തികയ്ക്കുന്നതിൽ വീഴ്ച വരുത്തിയത് ഗുരുതര കുറ്റമാണെന്നും മേലധികാരിയുടെ നിർദേശം പാലിച്ചില്ലെന്നും ചൂണ്ടിക്കാണിച്ചാണ് കാരണം കാണിക്കൽ നോട്ടീസ് നൽകിയത്.കടുത്ത മാനസിക പീഡനം അനുഭവിക്കുന്നുവെന്ന വിമർശനം സേനാംഗങ്ങളിൽ നേരത്തെയുണ്ട്. മാസങ്ങൾക്ക് മുമ്ബാണ് തൃശൂർ നഗരത്തിലെ പൊലീസുദ്യോഗസ്ഥൻ ആത്മഹത്യക്ക് ശ്രമിച്ച സംഭവമുണ്ടായത്. നേരത്തെ പെറ്റിക്കേസുകൾക്ക് ക്വാട്ട നൽകിയുള്ള നടപടി ഏറെ വിവാദമായതോടെ അവസാനിപ്പിക്കുകയായിരുന്നു.



# അഞ്ച് പേർ ചേർന്ന് യുവതിയെ ബലാത്സംഗം ചെയ്തത് രണ്ട് ദിവസത്തോളം; ക്രൂര പീഡനത്തിന് ശേഷം ചാക്കിൽകെട്ടി ഉപേക്ഷിച്ചു

**ന്യൂഡൽഹി:** സ്ത്രീയെ തട്ടിക്കൊണ്ടുപോയി കൂട്ടബലാത്സംഗത്തിനിരയാക്കിയ സംഭവത്തിൽ നാലുപേർ അറസ്റ്റിൽ. കഴിഞ്ഞ ദിവസം ഉത്തർ പ്രദേശ് ഗാസിയാബാദിലെ ആശ്രമം റോഡിലാണ് സംഭവം.അവശനിലയിൽ കണ്ടെത്തിയ 40കാരിയായ ഡൽഹി സ്വദേശിനിയെ ഉടൻ തന്നെ പൊലീസെത്തി ആശുപത്രിയിൽ പ്രവേശിപ്പിച്ചു, പ്രതികളിൽ ഒരാൾക്കായുള്ള തെരച്ചിൽ തുടരുകയാണ്. സുഹൃത്തിന്റെ ജന്മദിനാഘോഷത്തിൽ പങ്കെടുത്ത ശേഷം ഞായറാഴ്ച രാത്രി ഡൽഹിയിലേയ്ക്ക് മടങ്ങാനായി ബസ് കാത്ത് നിൽക്കുമ്ബോഴാണ് അഞ്ചംഗ സംഘം യുവതിയെ തട്ടിക്കൊണ്ടുപോയത്. ഇവർ രണ്ട് ദിവസത്തോളം കൂട്ട ബലാത്സംഗം ചെയ്യുകയും സ്വകാര്യ ഭാഗത്ത് ഇരുമ്ബ് വടി കയറ്റുകയുമായിരുന്നുവെന്ന് പൊലീസ് പറഞ്ഞു. ചെവ്വാഴ്ച, വഴിയരികിൽ ചാക്കിൽകെട്ടിയ നിലയിലാണ് യുവതിയെ കണ്ടെത്തിയത്.സ്ത്രീയുടെ നില അതീവ ഗുരുതരമായി തുടരുകയാണ്. ബലാത്സംഗത്തിനിടെ പ്രതികൾ യുവതിയുടെ സ്വകാര്യ ഭാഗത്ത് കയറ്റിയ ഇരുമ്ബ് വടി ഇതുവരെ നീക്കാൻ സാധിച്ചിട്ടില്ലെന്ന് ഡൽഹി വനിതാ കമ്മീഷൻ അദ്ധ്യക്ഷ സ്വാധി മലിവാൽ ട്വീറ്റ് ചെയ്തു. യുവതിയുമായി മുൻവൈരാഗ്യമുള്ളവരാണ് പ്രതികളെന്നും ഇവർ തമ്മിൽ സ്വത്ത് തർക്കമുണ്ടായിരുന്നതായും പൊലീസ് പറഞ്ഞു.

# മണിച്ചനെ ഉടൻ മോചിപ്പിക്കണം; പിഴ അടയ്ക്കാത്തതിന്റെ പേരിൽ മോചനം നിഷേധിക്കരുതെന്ന് സുപ്രീം കോടതി

**ന്യൂഡൽഹി:** കല്ലുവാതുക്കൽ മദ്യദുരന്തക്കേസിലെ പ്രതി മണിച്ചനെ മോചിപ്പിക്കാൻ സുപ്രീം കോടതി ഉത്തരവ്. പിഴ അടയ്ക്കാത്തതിന്റെ പേരിൽ മോചനം നിഷേധിക്കരുത്.എത്രയും പെട്ടെന്ന് മണിച്ചനെ ജയിലിൽ നിന്ന് മോചിപ്പിക്കണമെന്ന് കോടതി സർക്കാരിന് നിർദേശം നൽകി.മണിച്ചനെ മോചിപ്പിക്കാൻ പിഴത്തുകയായ 30.45 ലക്ഷം രൂപ കെട്ടിവയ്ക്കണമെന്ന് കാണിച്ച് നേരത്തെ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകിയിരുന്നു. പിഴത്തുക ദുരന്തത്തിൽ മരിച്ചവരുടെ കുടുംബത്തിനും കാഴ്ച നഷ്ടമായവർക്കും നൽകാനാണ് ഹൈക്കോടതി വിധിയെന്നും സംസ്ഥാന സർക്കാരിന് വേണ്ടി സ്റ്റാൻഡിംഗ് കോൺസൽ ഹർഷദ് വി ഹമീദ് ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിരുന്നു.2000 ഒക്ടോബർ 21 നാണ് കല്ലുവാതുക്കൽ മദ്യ ദുരന്തം ഉണ്ടായത്. മുപ്പത്തിയൊന്ന് പേരാണ് മരിച്ചത്. 22 വർഷമായി മണിച്ചൻ ജയിലിലാണ്. സ്വാതന്ത്ര്യത്തിന്റെ 75–ാം വാർഷികം പ്രമാണിച്ച് മണിച്ചനടക്കം വിവിധ കേസുകളിലെ 33 പ്രതികളെ വിട്ടയയ്ക്കാൻ സർക്കാർ തീരുമാനിച്ചിരുന്നു. പിഴത്തുക അടയ്ക്കണമെന്ന് ഉപാധിവച്ചതോടെയാണ് മണിച്ചന് പുറത്തിറങ്ങാൻ കഴിയാതായത്. ഇതിനെതിരെ ഭാര്യ ഉഷയാണ് സുപ്രീം കോടതിയെ സമീപിച്ചത്.



# ബി ജെ പിയുടെ തീപ്പൊരി നേതാവ് സന്ദീപ് വാചസ്പതിക്ക് വാഹനാപകടത്തിൽ പരിക്ക്

**തിരുവനന്തപുരം:** ബി.ജെ.പി സംസ്ഥാന വക്താവ് സന്ദീപ് വാചസ്പതിക്ക് വാഹനാപകടത്തിൽ പരിക്ക്. ഇന്നലെ രാവിലെ പാറോട്ടുകോണം സ്നേഹ ജംഗ്ഷനിലാണ് അപകടം.ഇദ്ദേഹം സഞ്ചരിച്ച സ്കൂട്ടർ കുഴിയിൽപ്പെട്ട് നിയന്ത്രണം വിട്ട് മറിയുകയായിരുന്നു.ഇദ്ദേഹത്തെ സുഹൃത്തുക്കൾ ചേർന്ന് പട്ടത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തലയ്ക്ക് പരിക്കേറ്റ സന്ദീപ് ഡോക്ടർമാരുടെ നിർദേശപ്രകാരം നിരീക്ഷണത്തിലാണ്. സന്ദീപ് പൂർണ ആരോഗ്യവാനാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.



# കെ എം ബഷീറിനെ കാറിടിച്ച് കൊലപ്പെടുത്തിയ കേസ്; കൊലക്കുറ്റമില്ല, ശ്രീറാമിനും വഫയ്ക്കും അനുകൂലമായി കോടതി വിധി

**തിരുവനന്തപുരം:** മാദ്ധ്യമപ്രവർത്തകൻ കെ എം ബഷീറിനെ വാഹനമിടിച്ച് കൊലപ്പെടുത്തിയ കേസിൽ പ്രതികൾക്കെതിരെ ചുമത്തിയ കൊലക്കുറ്റം ഒഴിവാക്കി കോടതി.ഒന്നാം പ്രതിയും ഐഎഎസ് ഉദ്യോഗസ്ഥനുമായ ശ്രീറാം വെങ്കിട്ടരാമൻ, രണ്ടാം പ്രതി വഫ ഫിറോസ് എന്നിവരെയാണ് കൊലക്കുറ്റത്തിൽ നിന്നും ഒഴിവാക്കിയത്. തിരുവനന്തപുരം അഡീഷണൽ ജില്ലാ സെഷൻസ് കോടതിയാണ് വിധി പറഞ്ഞത്. രണ്ടുപേരും സമർപ്പിച്ച വിടുതൽ ഹർജിയിലാണ് ഇവർക്കനുകൂലമായ വിധി വന്നത്.മനഃപൂർവമല്ലാത്ത നരഹത്യ, മദ്യപിച്ച് വാഹനമോടിച്ചു, അലക്ഷ്യമായി വാഹനമോടിച്ചു തുടങ്ങിയ കുറ്റങ്ങൾ മാത്രമേ ശ്രീറാമിനെതിരെ നിലനിൽക്കൂ എന്നും കോടതി വ്യക്തമാക്കി. രണ്ടാം പ്രതിയായ വഫയ്ക്കെതിരെ മോട്ടോർ വാഹന നിയമത്തിലെ കുറ്റം മാത്രമേ നിലനിൽക്കുകയുള്ളൂ എന്നും കോടതി പറഞ്ഞു.കേസിന്റെ വിചാരണ സെഷൻസ് കോടതിയിൽ നിന്ന് മജിസ്ട്രേറ്റ് കോടതിയിലേയ്ക്ക് മാറ്റി. വിചാരണയ്ക്കായി പ്രതികൾ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാകണമെന്നും കോടതി നിർദേശിച്ചു.മദ്യപിച്ച് വാഹനമോടിച്ചിട്ടില്ല, തനിക്കെതിരെ ചുമത്തിയ നരഹത്യാക്കുറ്റം നിലനിൽക്കില്ല, ബഷീറിനെ തനിക്ക് മുൻപരിചയമില്ലെന്നും അതിനാൽ വാഹനമിടിപ്പിച്ച് കൊലപ്പെടുത്തിയെന്ന വാദം നിലനിൽക്കില്ല തുടങ്ങിയ വാദങ്ങൾ ഉന്നയിച്ചാണ് ശ്രീറാം വെങ്കിട്ടരാമൻ വിടുതൽ ഹർജി നൽകിയത്. ശ്രീറാമിനോട് അമിതവേഗത്തിൽ വാഹനമോടിക്കാൻ പറഞ്ഞിട്ടില്ലെന്ന് വഫയും കോടതിയിൽ വാദിച്ചിരുന്നു. എന്നാൽ രണ്ട് പ്രതികളുടെയും വാദം പ്രോസിക്യൂഷൻ എതിർത്തു. ശ്രീറാം വെങ്കിട്ടരാമന്റെ വൈദ്യപരിശോധന വൈകിപ്പിച്ചതും വാഹനമോടിച്ചത് വഫയാണെന്ന് ആദ്യഘട്ടത്തിൽ മൊഴി നൽകിയതും പ്രോസിക്യൂഷൻ കോടതിയിൽ ചൂണ്ടിക്കാട്ടിയിരുന്നു.



# കേരള സർവകലാശാല മുൻ വൈസ് ചാൻസലർ ജെ വി വിളനിലം അന്തരിച്ചു

**തിരുവനന്തപുരം:** കേരള സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. ജെ വി വിളനിലം (87) അന്തരിച്ചു. വാർദ്ധക്യസഹജമായ അസുഖങ്ങളെത്തുടർന്നാണ് അന്ത്യം.അമേരിക്കയിൽ നിന്ന് മകൻ വന്നതിന് ശേഷമായിരിക്കും സംസ്കാരം.1992 – 96 കാലഘട്ടത്തിലാണ് ജെ വി വിളനിലം വിസിയായി പ്രവർത്തിച്ചത്. സർവകലാശാലകളിൽ ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സിസ്റ്റത്തിന് തുടക്കമിട്ടത് വിളനിലമായിരുന്നു. അദ്ദേഹത്തിന്റെ വിദ്യാഭ്യാസ യോഗ്യത വ്യാജമാണെന്നാരോപിച്ച് എസ് എഫ് ഐ സമരം നടത്തിയിരുന്നു. തുടർന്ന് അന്വേഷണത്തിനായി സർക്കാർ കമ്മീഷനെ നിയോഗിച്ചു. ആരോപണം തെറ്റാണെന്ന് കമ്മീഷൻ കണ്ടെത്തിയിരുന്നു.

കേരള പോലീസ്
KERALA POLICE

**CRIME BRANCH CRIME INVESTIGATION DEPARTMENT(CBCID)**

## ആസിഡ് ഉള്ളിൽച്ചെന്ന് വിദ്യാർഥി മരിച്ച സംഭവം; അന്വേഷണം സി.ബി.സി.ഐ.ഡിക്ക്, മൃതദേഹം ബന്ധുക്കൾ വാങ്ങിയില്ല

**കളിയിക്കാവിള:** സ്കൂളിലെ സഹവിദ്യാർഥി നൽകിയ ആസിഡ് കലർന്ന ശീതളപാനീയം കഴിച്ച് മരിച്ച വിദ്യാർഥി അശ്വിന്റെ മരണത്തെക്കുറിച്ച് സി.ബി.സി.ഐ.ഡി വിഭാഗത്തെ കൊണ്ട് അന്വേഷിപ്പിക്കാൻ ജില്ല പൊലീസ് മേധാവി ഡി.ഐ.ജിയോട് ആവശ്യപ്പെട്ടു. സംഭവം നടന്ന് മൂന്നാഴ്ച കഴിഞ്ഞിട്ടും കുറ്റവാളികളെ കണ്ടെത്താൻ കഴിയാത്തതിന്റെ പശ്ചാത്തലത്തിലാണ് ഈ നടപടി. ഔദ്യോഗിക അറിയിപ്പ് ഉടനെ ഉണ്ടാകുമെന്നാണ് അറിയാൻ കഴിഞ്ഞത്. ഇതിനിടെ ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് വിദ്യാർഥിയുടെ മൃതദേഹം ആശാരിപള്ളം മെഡിക്കൽ കോളജ് ആശുത്രിയിൽ പോസ്റ്റ്മോർട്ടത്തിനായി എത്തിച്ചു.എന്നാൽ, സർക്കാറിൽനിന്ന് മതിയായ ഉറപ്പ് ലഭിച്ചതിനു ശേഷമേ തങ്ങൾ മൃതദേഹം കൈപ്പറ്റുകയുള്ളൂവെന്ന് പറഞ്ഞ് ബന്ധുക്കൾ ആശാരിപള്ളത്തുനിന്ന് തിരികെ പോയി. സി.ബി.സി.ഐ.ഡി അല്ലെങ്കിൽ പ്രത്യേക അന്വേഷണ വിഭാഗം സംഭവത്തെക്കുറിച്ച് അന്വേഷിക്കുക, സ്കൂൾ മാനേജ്മെന്റിനെതിരെ നടപടിയും അന്വേഷണവും നടത്തുക, മതിയായ നഷ്ടപരിഹാരം നൽകുക തുടങ്ങിയ ആവശ്യങ്ങളാണ് ബന്ധുക്കൾ ആവശ്യപ്പെടുന്നത്.മെതുകുമ്മൽ സ്വദേശി സുനിൽ–സോഫിയ ദമ്പതികളുടെ മകൻ അശ്വിൻ ആണ് (11) ശീതളപാനീയം കഴിച്ച് ആന്തരികാവയവങ്ങൾക്ക് കേട് പറ്റി തിങ്കളാഴ്ച മരിച്ചത്.



## അയിരൂരിൽ നാല് കടകൾ കത്തി; ആറ് ലക്ഷത്തിന്റെ നഷ്ടം

**വർക്കല:** അയിരൂരിൽ നാല് കടകൾ തീപിടിച്ചുനശിച്ചു. ആറര ലക്ഷത്തോളം രൂപയുടെ സാധനസാമഗ്രികൾ കത്തിനശിച്ചതായി കണക്കാക്കുന്നു. ചൊവ്വാഴ്ചയാണ് പട്ടംതേരി ജങ്ഷനിലെ നാല് കടമുറികൾക്ക് തീപടിച്ചത്. കടകളുടെ പുറകിൽ ഷീറ്റ് മേഞ്ഞ ചായ്പും കത്തിപ്പോയി. അയിരൂർ കടയിൽ വീട്ടിൽ സൈനുലാബ്ദീന്റെ ഉടമസ്ഥതയിൽ രണ്ട് മുറികളിലായി പ്രവർത്തിച്ചിരുന്ന സ്റ്റേഷനറി കട, അയിരൂർ കളത്തടത്തിൽ ഫസിലിന്റെ ആക്രിക്കട എന്നിവയാണ് അഗ്നിക്കിരയായത്.കടയുടെ മുന്നിലിരുന്ന വിക്ടർ എന്നയാളുടെ സ്കൂട്ടറും കത്തിനശിച്ചു. തീ പടർന്നുപിടിക്കുമ്പോൾ വിക്ടർ കടയ്ക്കുള്ളിലായിരുന്നു. ഇയാൾ കടയ്ക്കുള്ളിൽ നിന്ന് ഷീറ്റ് ഇളക്കിയാണ് രക്ഷപ്പെട്ടത്. കടയ്ക്കുള്ളിൽ സൂക്ഷിച്ചിരുന്ന പ്രമാണം, എ.ടി.എം കാർഡ്, മൊബൈൽ ഫോൺ, ഇരുപതിനായിരം രൂപ എന്നിവ കത്തിനശിച്ചു. സ്റ്റേഷനറി കടയിൽ മാത്രം ഉദ്ദേശം അഞ്ചുലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. ആക്രിക്കടയിൽ സൂക്ഷിച്ചിരുന്ന പേപ്പർ, ആക്രി സാധനങ്ങൾ എന്നിവയാണ് കത്തിനശിച്ചത്. ഇവിട ഉദ്ദേശം ഒന്നര ലക്ഷത്തിന്റെ നഷ്ടമാണ് കണക്കാക്കുന്നത്. ഭാഗ്യവശാൽ ആളപായം ഉണ്ടായില്ല.വർക്കല, പരവൂർ അഗ്നിരക്ഷാസേന യൂനിറ്റുകൾ മൂന്നര മണിക്കൂർ പരിശ്രമിച്ചാണ് തീ കെടുത്തിയത്.അസ്റ്റിസ്റ്റൻറ് സ്റ്റേഷൻ ഓഫിസർ അനിൽകുമാർ, സീനിയർ ഫയർ ആൻഡ് റെസ്ക്യൂ ഓഫിസർമാരായ സജികുമാർ, മുകുന്ദൻ, ഗ്ലാഡ്സൺ, ഫയർ ആൻഡ് റെസ്ക്യൂ ഓഫിസർമാരായ രംലാൽ, പ്രണവ്, വിനീഷ് കുമാർ സുഭാഷ്, ഷൈൻ, ജ്യോതിഷ്കുമാർ, ഷാജി, അനൂപ്, ഗിരീഷ് കുമാർ, അജി എന്നിവരാണ് ഫയർ യൂനിറ്റിലുണ്ടായിരുന്നത്.



## ട്രെയിനിന് മുന്നിൽനിന്ന് വീട്ടമ്മയെ രക്ഷിച്ച വിദ്യാർഥിയെ അനുമോദിച്ചു

**കരുനാഗപ്പള്ളി:** ഓടിക്കൊണ്ടിരുന്ന ട്രെയിനിന് മുന്നിൽനിന്ന് വീട്ടമ്മയെ രക്ഷിച്ച കുറുങ്ങപ്പള്ളി ചിന്നമ്പിൽ ആദർശ് ആനന്ദിനെ നിരവധി സംഘടനകൾ വീട്ടിലെത്തി അനുമോദിച്ചു. കുറുങ്ങപ്പള്ളി കടത്തൂർ 396–ാം നമ്പർ എസ്.എൻ.ഡി.പി ശാഖ യോഗം സംഘടിപ്പിച്ച അനുമോദന ചടങ്ങിൽ ആദർശിനെ ശാഖ പ്രസിഡൻറ് വി. ദിലീപ് പൊന്നാട അണിയിച്ചു.സെക്രട്ടറി ഉദയൻ ഉദയപുരി, വനിത യൂനിയൻ വൈസ് പ്രസിഡൻറ് സ്മിത, ശാഖ മാനേജിങ് കമ്മിറ്റി അംഗങ്ങളായ സോമരാജൻ, ഐശ്വര്യ, ദേവരാജൻ വാലേൽ, രാമചന്ദ്രൻ തെങ്ങുംതറയിൽ എന്നിവർ പങ്കെടുത്തു. കുറുങ്ങപ്പള്ളി 1456–ാം നമ്പർ ശ്രീകൃഷ്ണ വിലാസം എൻ.എസ്.എസ് കരയോഗത്തിൻറെ നേതൃത്വത്തിൽ പ്രസിഡൻറ് കലവറ രാജേന്ദ്രപ്രസാദ് പൊന്നാട അണിയിച്ചു. സെക്രട്ടറി ജയകുമാർ, കരയോഗം ഭാരവാഹികളായ മോഹനൻപിള്ള, തയ്യിൽ ധനദേവൻ പിള്ള, ചെറുമണ്ണിൽ ഹരി, അഭിലാഷ് എന്നിവർ പങ്കെടുത്തു.

## ലോറിയിൽനിന്ന് ടൈൽ വീട്ടമ്മയെക്കൊണ്ട് ഒറ്റക്കിറക്കിച്ച് തൊഴിലാളികളുടെ ക്രൂരത



**ശ്രീകാര്യം:** പൗഡിക്കോണത്ത് വീട്ടുപണിക്കെത്തിച്ച ടൈൽ വീട്ടമ്മയെക്കൊണ്ട് ലോറിയിൽനിന്ന് ഒറ്റക്കിറക്കിച്ച് കയറ്റിറക്ക് തൊഴിലാളികളുടെ അതിക്രമം. പൗഡിക്കോണം പുത്തൻവിളയിൽ വിധവയായ ദിവ്യക്കുനേരെയാണ് തൊഴിലാളികൾ ക്രൂരത കാട്ടിയത്. ലോഡിറക്കാൻ സഹായത്തിനെത്തിയ സഹോദരനെയും ഭാര്യയെയും തൊഴിലാളികൾ തടഞ്ഞെന്ന് വീട്ടമ്മ ആരോപിച്ചു.നാലുവർഷമായി നീളുന്ന വീടുപണി തീർക്കാൻ പണം കടംവാങ്ങിയാണ് ദിവ്യ ടൈൽ എടുത്തത്. വീട്ടിൽ ടൈയിൽ എത്തിയപ്പോൾ ദിവ്യ കേശവദാസപുരത്തെ സ്വകാര്യ ആശുപത്രിയിൽ ജോലിയിലായിരുന്നു. തൊഴിലാളികളുടെ നിർദേശപ്രകാരം ദിവ്യ വീട്ടിലെത്തി. ടൈൽ ലോറിയിൽ നിന്ന് സഹോദരനും ഭാര്യക്കുമൊപ്പം ഇറക്കാൻ ശ്രമിക്കുന്നതിനിടെ ചുമട്ടുതൊഴിലാളികൾ തടഞ്ഞു. കൊടുക്കാൻ കാശില്ലെന്ന് പറഞ്ഞിട്ടും കേട്ടില്ല. കൈവശമുള്ള 500 രൂപ നൽകാമെന്ന് അപേക്ഷിച്ചിട്ടും വഴങ്ങിയില്ല. തങ്ങൾ ഇറക്കുന്നില്ലെങ്കിൽ ഒറ്റക്ക് ടൈൽ ഇറക്കണമെന്നായിരുന്നു ചുമട്ടു തൊഴിലാളികളുടെ നിർദേശം.ഇക്കാര്യത്തിൽ വിട്ടുവീഴ്ചക്കില്ലെന്ന് വ്യക്തമാക്കി തൊഴിലാളികൾ വീട്ടുമുറ്റത്ത് തുടർന്നതോടെ ദിവ്യ ഒറ്റക്ക് ലോഡിറക്കി. സഹായിക്കാൻ ചെന്ന സഹോദരനെ തൊഴിലാളികൾ വിലക്കി. നാല് ടൈൽ വീതമുള്ള 60 പാക്കറ്റാണ് ലോറിയിൽനിന്ന് ദിവ്യ ഒറ്റക്കിറക്കിയത്. ലോഡ് മുഴുവൻ ഇറക്കിക്കഴിഞ്ഞെന്ന് ഉറപ്പാക്കിയാണ് ചുമട്ടുതൊഴിലാളികൾ സ്ഥലംവിട്ടത്. ദിവ്യ സ്വാകാര്യ ആശുപത്രിയിലെ കാന്റീനിൽ ജോലി ചെയ്താണ് കുടുംബം പുലർത്തുന്നത്. ആശുപത്രിയിലെ യൂനിഫോം ഇട്ടായിരുന്നു ദിവ്യ ടൈൽ സിറക്കിയത്. സംഭവത്തിൽ കഴക്കൂട്ടം ലേബർ ഓഫിസിൽ ദിവ്യ പരാതി നൽകി.



## അഗസ്ത്യവനം പൊത്തോട്ട് കാട്ടാന ചെരിഞ്ഞ നിലയിൽ

**കാട്ടാക്കട:** ശക്തമായ മഴ തുടരുന്നതിനിടെ അഗസ്ത്യവനത്തിലെ പൊത്തോട് സെറ്റിൽമെൻറിനടുത്ത് കാട്ടാന ചെരിഞ്ഞ നിലയിലും അടുത്ത് കുട്ടിയാനയും കണ്ടെത്തി. ആദിവാസി സെറ്റിൽമെൻറിന് അകലെയല്ലാത്ത സ്ഥലത്താണ് കാട്ടാനയുടെ ജഡം കണ്ടെത്തിയത്. ചെരിഞ്ഞ ആനയുടെ തൊട്ടടുത്തുതന്നെ കുട്ടിയാനയും നിൽക്കുന്നതായി ആദിവാസികൾ നൽകിയ വിവരത്തിൻറെ അടിസ്ഥാനത്തിൽ രാത്രി ഏഴോടെ വൈൽഡ് ലൈഫ് വാർഡൻ സുരേഷ് ബാബു, പേപ്പാറ അസി.വാർഡൻ സലിം ജോസ്, അഗസ്ത്യവനം ഡെപ്യൂട്ടി വാർഡൻ അനീഷ്കുമാർ എന്നിവരുടെ നേതൃത്വത്തിലുള്ള വനപാലകസംഘമെത്തി രണ്ടര വയസ്സോളം പ്രായമുള്ള കുട്ടിയാനയെ പിടികൂടി. തുടർന്ന് പ്രത്യേക വാഹനത്തിൽ രാത്രി ഒമ്പതോടെ കോട്ടൂർ ഗജ ഗ്രാമത്തിലെത്തിച്ചു.രണ്ട് ദിവസമായി അമ്മയാനയും കുട്ടിയാനയും പൊത്തോട് സെറ്റിൽമെൻറിനടുത്ത് അവശതയിൽ കഴിയുന്നതായ വിവരം പുറത്തറിഞ്ഞു.ചൊവ്വാഴ്ച വൈകീട്ട് മൂന്നോടെയാണ് കാട്ടാന ചെരിഞ്ഞത്. ശക്തമായ മഴ കാരണം കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമാണ്. അതുകൊണ്ട് തന്നെ വളരെ ജാഗ്രതയോടെയാണ് വനപാലക സംഘം കാടുകയറിയത്. വനനിരീക്ഷണത്തിന് വാച്ചർമ്മാരും ബീറ്റ് ഫോറസ്റ്റർമ്മാരും, ഫോറസ്റ്റർമ്മാരും റെയിഞ്ച് ഓഫിസർമ്മാരുമൊക്കെയുണ്ട്. എന്നാൽ ആദിവാസികളാണ് കാട്ടാന ചെരിഞ്ഞ വിവരം പുറംലോകത്തെ അറിയിക്കുന്നത്.



## 60 ആംപ്യൂൾ മയക്കുമരുന്നുമായി രണ്ടുപേർ പിടിയിൽ

**കൊട്ടിയം:** വിൽപനക്കായി കാറിൽ കൊണ്ടുപോകുകയായിരുന്ന 60 ആംപ്യൂൾ മയക്കുമരുന്നുമായി രണ്ടുപേരെ കൊട്ടിയം പൊലീസ് അറസ്റ്റ് ചെയ്തു.ഇരവിപുരം കാവൽപ്പുര കൊടിയിൽ തെക്കതിൽ വീട്ടിൽ സനോജ് (37), മൈലാപ്പൂര് വലിയവിള വീട്ടിൽ അൽ അമീൻ (25) എന്നിവരാണ് അറസ്റ്റിലായത്.ഉമയനല്ലൂർ കെട്ടിടം മുക്കിനടുത്തുനിന്നാണ് ഇവർ പിടിയിലായത്. കൊട്ടിയം എസ്.ഐ സുജിത്ത് ജി.നായരുടെ നേതൃത്വത്തിൽ വാഹന പരിശോധന നടത്തവെ വെട്ടിച്ചുകടക്കാൻ ശ്രമിച്ച കാർ തടഞ്ഞുനിർത്തി പരിശോധിച്ചപ്പോഴാണ് മയക്കുമരുന്ന് കണ്ടെത്തിയത്. എസ്.ഐമാരായ ഷിഹാസ്, റിനോക്സ്, എ.എസ്.ഐമാരായ ഫിറോസ് ഖാൻ, സുരേഷ്, ജയകുമാർ, സി.പി.ഒമാരായ ചന്തു, പ്രശാന്ത് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.



## കെ.എസ്.ടി.പി പാത നിർമാണത്തിലെ മെല്ലെപ്പോക്ക്; ജനങ്ങൾ ദുരിതത്തിൽ

**പുനലൂർ:** പുനലൂർ–മൂവാറ്റുപുഴ കെ.എസ്.ടി.പി പാത നവീകരണം ഇഴയുന്നത് യാത്രക്കാരുടെ ദുരിതം കൂട്ടുന്നു. ശബരിമല സീസൺ തുടങ്ങാൻ നാലാഴ്ച മാത്രമാണ് ശേഷിക്കുന്നത്. ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള ശബരിമല തീർഥാടകർ പ്രധാനമായും ആശ്രയിക്കുന്ന പാതയാണിത്. പുനലൂർ– കോന്നി റൂട്ടിൽ 30 കിലോമീറ്ററോളം ഭാഗത്ത് പ്രതീക്ഷിച്ച നിലയിൽ നിർമാണ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നില്ല. രണ്ടു വർഷം മുമ്പ് തുടങ്ങിയ നിർമാണം ഡിസംബറിൽ പൂർത്തിയാക്കേണ്ടതാണ്.മതിയായ തൊഴിലാളികളുടെ അഭാവവും പ്രതികൂല കാലാവസ്ഥയും നിർമാണം വൈകാൻ പ്രധാന കാരണമാണ്. പണി നീളുന്നതിനെതിരെ പൊതുജനങ്ങളും പുനലൂർ നഗരസഭയും പ്രതിഷേധം ഉയർത്തിയിരുന്നു. ഇതിൻറെ അടിസ്ഥാനത്തിൽ കഴിഞ്ഞ ദിവസം കെ.എസ്.ടി.പിയുടെ ഉന്നത അധികൃതർ ഇവിടെയെത്തി നിർമാണ പുരോഗതി വിലയിരുത്തിയിരുന്നു. ഇതിനു ശേഷവും കാര്യമായ മാറ്റമില്ലെന്ന് നാട്ടുകാർ പറയുന്നു.പുനലൂർ–പത്തനാപുരം റോഡിൽ വാഴത്തോപ്പ് പിറവന്തൂർ, നെല്ലിപ്പള്ളി എന്നിവിടങ്ങളിൽ കുറച്ചു ദൂരത്ത് ആദ്യ ഘട്ടം ടാറിങ് നടത്തി. പലഭാഗത്തും ഓടയുടെ ഉൾപ്പെടെ പണി തുടങ്ങിയിട്ടില്ല. സെപ്റ്റംബർ 27ന് നഗരസഭയിൽ നടന്ന അവലോകന യോഗത്തിൽ ഒക്ടോബർ 10നകം പുനലൂർ മുതൽ നെല്ലിപ്പള്ളി വരെ ഒന്നര കിലോമീറ്ററോളം ടാറിങ് ഉൾപ്പെടെ പൂർത്തിയാക്കുമെന്ന് അധികൃതർ പറഞ്ഞിട്ടും നടന്നില്ല. ടൗൺ അതിർത്തിയായതിനാൽ ഈ ഭാഗത്തെ തടസ്സങ്ങൾ എല്ലാവരെയും ബുദ്ധിമുട്ടിക്കുന്നു.ഇതിനിടയിൽ കുറച്ചുഭാഗത്ത് മണ്ണ് നിരത്തിയതല്ലാതെ ശേഷിക്കുന്നത് പഴയ അവസ്ഥയിലാണ്. ഇതുകാരണം പാതയിൽ മിക്കയിടത്തുമുള്ള വെള്ളക്കെട്ടും പൊടിയും ചളിയും കുഴിയും അപകടത്തിനിടയാക്കുന്നു. ഇവിടെയുള്ള കടക്കാരും മറ്റു സ്ഥാപനങ്ങളിലുമുള്ളവർ വിഷമിക്കുകയാണ്. കെ.എസ്.ടി.പി അധികൃതരുടെ ഉദാസീനത മൂലമാണ് നിർമാണം വൈകുന്നതെന്ന് ആക്ഷേപമുണ്ട്.



## മുട്ടറ മരുതിമല ഇക്കോ ടൂറിസം ഭൂമി അളന്ന് തിട്ടപ്പെടുത്തി

**ഓയൂർ:** മുട്ടറ മരുതിമല ഇക്കോ ടൂറിസം ഭൂമി സർവേ വകുപ്പ് അധികൃതർ അളന്ന് തിട്ടപ്പെടുത്തിയതോടെ സ്വകാര്യ വ്യക്തികൾ കൈയേറ്റം നടത്തിയിട്ടുണ്ടോയെന്ന് രണ്ടു ദിവസത്തിനകം അറിയാം.ഒരുമാസം മുമ്പാണ് കലക്ടർ അഫ്സാന പർവീണിൻറെ സാന്നിധ്യത്തിൽ മരുതിമലയിൽ തഹസിൽദാറിൻറെ നേതൃത്വത്തിൽ 38 ഏക്കർ സർവേ ആരംഭിച്ചത്. രണ്ടു ദിവസം മുമ്പാണ് സർവേ പൂർത്തിയായത്. സ്വകാര്യ വ്യക്തി ഹൈകോടതിയെ സമീപിക്കുകയും മലമുകളിലെ ഒന്നര ഏക്കർ അവരുടേതാണെന്ന് അവകാശപ്പെടുകയും ചെയ്തിരുന്നു.കലക്ടർ സ്വകാര്യ വ്യക്തിക്ക് കൂട്ടുനിന്നെന്നാരോപിച്ച് വെളിയം പഞ്ചായത്ത് അധികൃതർ രംഗത്തുവരുകയും ചെയ്തു. ഒന്നര ഏക്കറിന് പുറമെ, എട്ട് ഏക്കറോളം സ്വകാര്യ വ്യക്തികളുടെ കൈവശമുണ്ടെന്ന അവകാശവാദവുമായി നിരവധി പേർ എത്തിയിരുന്നു. ഒന്നര ഏക്കർ കൈയേറിയിട്ടുണ്ടോയെന്നറിയാൻ ഹൈകോടതി കലക്ടർക്ക് നിർദേശം നൽകിയിരുന്നു.മരുതിമലയുടെ മുകളിൽ പ്രധാന ഭാഗത്താണ് സ്വകാര്യ വ്യക്തികൾക്ക് ഭൂമിയുള്ളതായി പറയുന്നത്. ഒന്നാം ഘട്ടത്തിൻറെ പ്രവർത്തനങ്ങൾ പൂർത്തിയായി ഉദ്ഘാടനവും കഴിഞ്ഞപ്പോഴാണ് മലയിൽ സ്വകാര്യ വ്യക്തിക്ക് പട്ടയമുണ്ടെന്ന അവകാശവാദം ഉന്നയിച്ചത്. ഇതിൽ അസ്വാഭാവികത ഉണ്ടെന്നും പാറ ഖനനത്തിനുള്ള നീക്കമാണെന്നും പരിസ്ഥിതി പ്രവർത്തകർ ആരോപിച്ചു.രണ്ടാംഘട്ടത്തിനായി സർക്കാർ 50 ലക്ഷം രൂപ അനുവദിച്ചപ്പോഴാണ് സ്വകാര്യ വ്യക്തികൾ പട്ടയമുണ്ടെന്ന വാദവുമായി എത്തുന്നത്. സ്വകാര്യ വ്യക്തികളുടേത് വ്യാജ പട്ടയമാണെന്നും ഇത് അംഗീകരിക്കില്ലെന്നും പഞ്ചായത്ത് അധികൃതർ പറഞ്ഞു.സ്വകാര്യ വ്യക്തിയുടെ ഭൂമിയാണെങ്കിൽ അവർക്ക് വിട്ടുനൽകാൻ റവന്യൂ അധികൃതർ തീരുമാനമെടുക്കും. അല്ലെങ്കിൽ ഭൂമി തിരികെ പിടിക്കുമെന്നും തഹസിൽദാർ പറഞ്ഞു.



## ഓട്ടത്തിനിടെ ബസിന് തീപിടിച്ചു; ഡ്രൈവറുടെ അവസരോചിത ഇടപെടൽ ദുരന്തം ഒഴിവാക്കി

**പുനലൂർ:** ഓടിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി ബസിന് തീപിടിച്ചു. ഡ്രൈവറുടെ അവസരോചിത ഇടപെടലും ധൈര്യവും വൻ ദുരന്തം ഒഴിവാക്കി. ചൊവ്വാഴ്ച ഉച്ചക്ക് 12 ഓടെ കൊട്ടാരക്കരയിൽനിന്ന് പുനലൂരിലേക്ക് 18 യാത്രക്കാരുമായി വരികയായിരുന്ന ആർ.പി.സി 826 നമ്പർ ഫാസ്റ്റിനാണ് തീപിടിച്ചത്. പുനലൂർ ഡിപ്പോയുടേതാണ് ബസ്.ഇളമ്പൽ ജങ്ഷനിൽ ബസ് നിർത്തിയപ്പോഴാണ് സൈലൻസർ ഭാഗത്ത് തീ പടരുന്നത് ശ്രദ്ധയിൽപെട്ടത്. ബസിലുണ്ടായിരുന്ന അഗ്നിശമന ഉപകരണം ഉപയോഗിച്ച ഡ്രൈവർ ആർ. വിനോദ് ഏറെ പരിശ്രമിച്ച് തീ അണക്കുകയായിരുന്നു. ബസിനടിയിൽ സാഹസികമായി കയറിയാണ് വിനോദ് രക്ഷാപ്രവർത്തനം നടത്തിയത്.സംഭവമറിഞ്ഞ് പുനലൂർ ഫയർ സ്റ്റേഷനിലെ സ്റ്റേഷൻ ഓഫിസർ എ. മനുവിൻറെ നേതൃത്വത്തിലുള്ള സംഘം സ്ഥലത്തെത്തിയപ്പോഴേക്കും തീ നിയന്ത്രണവിധേയമാക്കി. ഡ്രൈവറുടെ ധൈര്യത്തിനും അവസരോചിതമായ ഇടപെടലിനും ഡ്രൈവറെ അഗ്നിരക്ഷസേന അഭിനന്ദിച്ചു.


## അപകടത്തിൽ പരിക്കേറ്റ വാവ സുരേഷിനെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു



**തിരുവനന്തപുരം :** വാഹനാപകടത്തിൽ പരിക്കേറ്റ വാവ സുരേഷിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്ന് രാവിലെയാണ് തിരുവനന്തപുരം – കൊല്ലം ജില്ലാതിർത്തിയായ തട്ടത്തുമലയിൽ വച്ച് വാവ സുരേഷ് സഞ്ചരിച്ച കാറും കെ എസ് ആർ ടി സി ബസും കൂട്ടിയിടിച്ചത്.മുൻപിൽ സഞ്ചരിച്ച കാർ നിയന്ത്രണം വിട്ട് ഭിത്തിയിൽ ഇടിച്ച ശേഷം വാവയുടെ കാറുമായി കൂട്ടിയിടിക്കുകയായിരുന്നു. ഇതിന്റെ ആഘാതത്തിലാണ് വാവ സഞ്ചരിച്ച കാർ ബസുമായി ഇടിച്ചത്.അപകടത്തിൽ മുഖത്ത് പരിക്കേറ്റ വാവയെ 11.45 ഓടെയാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പരിക്ക് ഗുരുതരമല്ല. ചെങ്ങന്നൂരിലേക്ക് പോവുകയായിരുന്നു വാവ സുരേഷ്. കാർ ഓടിച്ചിരുന്നയാൾക്കും പരിക്കേറ്റിട്ടുണ്ട്.

## ട്രാഫിക് ഐലൻഡിൽ കൊടിതോരണങ്ങളും ഫ്ലക്സ് ബോർഡുകളും; ഡ്രൈവർമാരുടെ കാഴ്ച മറയുന്നതിനാൽ വാഹനാപകടം പതിവ്

**ശാസ്താംകോട്ട:** ഭരണിക്കാവ് ജങ്ഷനിലെ ട്രാഫിക് ഐലൻഡിൽ കൊടിതോരണങ്ങളും ഫ്ലക്സ് ബോർഡുകളുംകൊണ്ട് നിറഞ്ഞു. താലൂക്കിൽ എവിടെ പരിപാടി നടന്നാലും ഫ്ലക്സ് ബോർഡ് ഐലൻഡിൽ സ്ഥാപിക്കും. പരിപാടി കഴിഞ്ഞ് മാസങ്ങളായാലും അഴിച്ചുമാറ്റാൻ ആരും തയാറാകില്ല. കൊല്ലം–തേനി, ഭരണിക്കാവ് –വണ്ടിപ്പെരിയാർ ദേശീയപാതകൾ നാല് റോഡുകളായി മാറുന്ന ഭരണിക്കാവ് ജങ്ഷനിൽ പതിറ്റാണ്ടുകൾക്ക് മുമ്പ് സംഘടന നിർമിച്ച് നൽകിയ ട്രാഫിക് ഐലൻഡിൽ ഇന്നുവരെ ഒരുദ്യോഗസ്ഥൻപോലും ഗതാഗതം നിയന്ത്രിക്കാൻ നിന്നിട്ടില്ല. രാവിലെയും വൈകീട്ടും വരുന്ന ഹോം ഗാർഡുകളാകട്ടെ റോഡിൽ എവിടെയെങ്കിലുംനിന്ന് ഗതാഗതം നിയന്ത്രിക്കുകയാണ് പതിവ്. യാത്രക്കാർക്ക് ഉപകാരപ്പെടാത്ത ട്രാഫിക് ഐലൻഡ് തെരുവുനായ്ക്കളുടെ വിശ്രമകേന്ദ്രമാണ്. നാല് റോഡുകളിലുംനിന്ന് വരുന്ന വാഹനങ്ങളുടെ കാഴ്ച മറയ്ക്കുന്ന തരത്തിൽ ഐലൻഡിൽ കൊടിതോരണങ്ങളും ഫ്ലക്സുകളും നിറഞ്ഞതോടെ വർഷങ്ങൾക്കു മുമ്പ് താലൂക്ക് വികസന സമിതിയിൽ പരാതി ഉയരുകയും നീക്കം ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.ആദ്യഘട്ടങ്ങളിൽ പൊലീസ് ഇടപെട്ട് അഴിച്ചുമാറ്റിയതോടെ കുറെ നാളുകളായി പ്രശ്നമില്ലാതായിരുന്നു. എന്നാൽ ഇപ്പോൾ പഴയ പടിയായി.ചക്കുവള്ളി റോഡിൽനിന്ന് ശാസ്താംകോട്ട ഭാഗത്തേക്ക് പോകുന്ന വാഹനങ്ങളാണ് കാഴ്ച മറയുന്നതിനാൽ അപകടത്തിൽപ്പെടുന്നവയിൽ ഏറെയും. ഗതാഗതം നിയന്ത്രിക്കാൻ ഹോം ഗാർഡുകൾ ഇല്ലാത്ത സമയങ്ങളിലും രാത്രിയുമാണ് അപകടങ്ങൾ കൂടുതലും. ജങ്ഷനിലെ സിഗ്നൽ സംവിധാനവും പ്രവർത്തിപ്പിക്കാൻ നടപടിയില്ല.



## തൃശൂരിൽ ഭിന്നശേഷിക്കാരനായ മകനെ തീകൊളുത്തി കൊന്നു; പിതാവ് അറസ്റ്റിൽ

**തൃശൂർ:** ഭിന്നശേഷിക്കാരനായ മകനെ അച്ഛൻ തീകൊളുത്തി കൊന്നു. തൃശൂർ കേച്ചേരിക്കടുത്ത് പട്ടിക്കരയിലാണ് സംഭവം.23കാരനായ ഫഹദിനെയാണ് പിതാവ് സുലൈമാൻ കൊലപ്പെടുത്തിയത്. പൊള്ളലേറ്റ ഫഹദിനെ ഉടൻ തന്നെ തൃശൂർ മെഡിക്കൽ കേളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. സുലൈമാനെ പൊലീസ് അറസ്റ്റ് ചെയ്തു.മകനെ ഒഴിവാക്കാനാണ് ക്രൂരകൃത്യം ചെയ്തതെന്ന് സുലൈമാൻ ചോദ്യം ചെയ്യലിൽ സമ്മതിച്ചു. മാനസിക വെല്ലുവിളി നേരിടുന്നയാളാണ് സുലൈമാനും. സംഭവത്തിനിടെ ഇയാൾക്കും പൊള്ളലേറ്റു. സുലൈമാനെ പൊലീസ് തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.



# വി എസ് എന്ന രാഷ്ട്രീയ നേതാവ്, പ്രായം തളർത്താത്ത പോരാളി

1946 –ലാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ പുന്നപ്ര–വയലാർ സമരം നടക്കുന്നത്. അന്നത്തെ രാജവാഴ്ചക്കും ദിവാൻ ഭരണത്തിനുമെതിരെ നടന്ന സമരത്തിന് നേരെ പട്ടാളവെടിവെപ്പുണ്ടായി.1923 ഒക്ടോബർ 20 –നാണ് ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ വേലിക്കകത്ത് വീട്ടിൽ ശങ്കരന്റെയും അക്കമ്മയുടെയും മകനായി വേലിക്കകത്ത് ശങ്കരൻ അച്യുതാനന്ദൻ എന്ന വി എസ് അച്യുതാനന്ദൻ ജനിക്കുന്നത്. പതിനൊന്നാമത്തെ വയസ്സാകുമ്പോഴേക്കും അമ്മയേയും അച്ഛനേയും അദ്ദേഹത്തിന് നഷ്ടപ്പെട്ടിരുന്നു. പിന്നെ വളർത്തുന്നത് സഹോദരിയാണ്. ഇന്നദ്ദേഹത്തിന് 96 വയസ്സ് തികയുന്നു. എല്ലാക്കാലവും നിലപാടുകൾ തുറന്നുപറയാൻ അദ്ദേഹം കാണിച്ച ധൈര്യവും ആർജ്ജവവുമാണ് അദ്ദേഹത്തിന് ഒരുപോലെ ആരാധകരേയും വിമർശകരേയും നൽകിയതും. ഈ 96 –ാമത്തെ വയസ്സിലും തനിക്ക് പറയാനുള്ള കാര്യങ്ങളിൽ ഒരു വ്യക്തതക്കുറവും കാണിക്കുന്നില്ല അദ്ദേഹം. മതികെട്ടാനിലെ ഭൂമി കൈയേറ്റം, പ്ലാച്ചിമടയിലെ കുടിവെള്ള പ്രശ്നം, മറയൂരിലെ ചന്ദനക്കൊള്ള തുടങ്ങിയ ജനകീയപ്രശ്നങ്ങളിലെല്ലാം ഇടപെടുന്നതിലും അവയിലേക്ക് ജനശ്രദ്ധ തിരിച്ചുവിടാനും അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ അദ്ദേഹത്തിന് ജനസമ്മതി നേടിക്കൊടുത്തിരുന്നു. ഒരുപക്ഷേ, ഇന്ന് ജീവിച്ചിരിക്കുന്നവരിലേറ്റവുമധികം ജനസമ്മതിയുള്ള നേതാവും അദ്ദേഹമായിരിക്കാം.പതിനൊന്നാമത്തെ വയസ്സിൽ അച്ഛനെ നഷ്ടമായതോടെ പഠനം നിർത്തേണ്ടിവന്നു വി എസിന്. പിന്നെ, ജ്യേഷ്ഠന്റെ സഹായിയായി ജൗളിക്കടയിൽ ജോലി നോക്കി കുറേനാൾ. അതിനുശേഷം കയർ ഫാക്ടറിയിൽ ജോലിക്ക് കയറി വി എസ് . ഒരു തൊഴിലാളി അനുഭവിക്കുന്ന പ്രശ്നങ്ങൾ അവിടെവെച്ചാണ് അദ്ദേഹം കണ്ടും അനുഭവിച്ചും മനസിലാക്കുന്നത്. അച്ഛന്റെയും അമ്മയുടേയും മരണം വി എസ്സിനെ ഒരു നിരീശ്വരവാദിയാക്കിയിരുന്നു. നിവർത്തന പ്രക്ഷോഭം നാട്ടിൽ കൊടുമ്പിരി കൊണ്ടപ്പോൾ അതിൽ ആകൃഷ്ടനായ വി എസ് 1938 –ൽ സ്റ്റേറ്റ് കോൺഗ്രസ്സിൽ അംഗമായി. എന്നാൽ, പിന്നീട് പുരോഗമന പ്രസ്ഥാനങ്ങളിലും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലും സജീവമായതോടെ 1940 –ൽ കമ്യൂണിസ്റ്റ് പാർട്ടി മെമ്പറായി.അദ്ദേഹം സിപിഎം സംസ്ഥാന സെക്രട്ടറിയാകുന്നത് 1980–92 കാലഘട്ടത്തിലാണ്. 1967, 1970, 1991, 2001, 2006, 2011, 2016 വർഷങ്ങളിൽ സംസ്ഥാന നിയമസഭയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. 1992 മുതൽ 1996 വരെയും 2001 മുതൽ 2006 വരെയും സഭയിൽ പ്രതിപക്ഷനേതാവായി. 2006 മെയ് 18 –ന് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. പിണറായി വിജയനുമായുള്ള അഭിപ്രായ ഭിന്നതയെ കുറിച്ച് പരസ്യപ്രസ്താവനയിറക്കിയതിലൂടെയാണ് 2007 മെയ് 26 –ന് അദ്ദേഹത്തെ പോളിറ്റ് ബ്യൂറോയിൽ നിന്ന് പുറത്താക്കുന്നത്. തൽക്കാലത്തേക്കുള്ള നടപടി മാത്രമായിരുന്നു അത്. അപ്പോഴും അദ്ദേഹം തന്നെയാണ് മുഖ്യമന്ത്രി. 2009 ജൂലൈ 12 –ന് വീണ്ടും അച്ചടക്കലംഘനം ചൂണ്ടിക്കാണിച്ച് അദ്ദേഹത്തെ പോളിറ്റ്ബ്യൂറോയിൽ നിന്ന് പുറത്താക്കുകയും കേന്ദ്രകമ്മിറ്റിയിലേക്ക് തരം താഴ്ത്തുകയും ചെയ്യുകയുണ്ടായി.1946 –ലാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ പുന്നപ്ര–വയലാർ സമരം നടക്കുന്നത്. അന്നത്തെ രാജവാഴ്ചക്കും ദിവാൻ ഭരണത്തിനുമെതിരെ നടന്ന സമരത്തിന് നേരെ പട്ടാളവെടിവെപ്പുണ്ടായി. അന്നത്തെ സമരത്തിൽ പങ്കെടുത്തവരിൽ പ്രധാനിയായിരുന്നു വി എസ്. അന്ന് ഒളിവിൽ കഴിയേണ്ടിവന്നു വി എസ്സിന്. പുന്നപ്രയിലെ നിരവധി ക്യാമ്പുകൾക്ക് നേതൃത്വവും നൽകിയിരുന്നു അന്ന് വി എസ്സ്. പക്ഷേ, പിന്നീട് പൂഞ്ഞാറിൽനിന്ന് അറസ്റ്റിലായി. എന്നാൽ, പാർട്ടിയെ കുറിച്ചോ നേതാക്കളെ കുറിച്ചോ വിവരം നൽകാൻ തയ്യാറാകാത്തതിനെ തുടർന്ന് കടുത്ത ക്രൂരതകളനുഭവിക്കേണ്ടിവന്നു വി എസിന്. അവസാനം ബോധം നശിച്ച വി എസിനെ ആശുപത്രിയിലുപേക്ഷിക്കുകയായിരുന്നു പൊലീസ്. വിജയം മാത്രമല്ല പരാജയവും നിരവധി തവണയറിഞ്ഞിട്ടുണ്ട് പാർലമെന്ററി ജീവിതത്തിൽ വി എസ് അച്യുതാനന്ദൻ. 1965–ൽ അമ്പലപ്പുഴ മണ്ഡലത്തിൽ നിന്ന് നിയമസഭയിലേക്ക് മത്സരിച്ചപ്പോൾ തോൽവിയായിരുന്നു ഫലം. ആദ്യത്തെ മത്സരവുമായിരുന്നു അദ്ദേഹത്തിനത്. കോൺഗ്രസിലെ കെ.എസ്. കൃഷ്ണക്കുറുപ്പിനോട് 2327 വോട്ടുകൾക്ക് അദ്ദേഹം തോറ്റു. എന്നാൽ, 67–ൽ കോൺഗ്രസിലെ തന്നെ എ.അച്യുതനെ 9515 വോട്ടുകൾക്ക് തോൽപിച്ച് അദ്ദേഹം നിയമസഭാംഗമായി. 70 –ൽ ആർ എസ് പിയിലെ കെ കെ. കുമാരപിള്ളയെ വി എസ് തോൽപ്പിച്ചു. എന്നാൽ, 77–ൽ കുമാരപിള്ളയോട് 5585 വോട്ടുകൾക്ക് തോൽവിയേറ്റുവാങ്ങേണ്ടിവന്നു. പിന്നെ നീണ്ട ഇടവേളയെടുത്തു. ശേഷം 91–ൽ മാരാരിക്കുളം മണ്ഡലത്തിൽ നിന്നും നിയമസഭയിലേക്കു മത്സരിച്ചു. അന്ന്, കോൺഗ്രസിലെ ഡി.സുഗതനെ 9980 വോട്ടുകൾക്ക് തോൽപ്പിച്ചുകളഞ്ഞു വി എസ്സ്. 96 –ൽ മാർക്സിസ്റ്റു പാർട്ടിയുടെ കോട്ടയെന്ന് തന്നെ വിളിക്കപ്പെടുന്ന മാരാരിക്കുളത്ത് തോൽക്കേണ്ടിവന്നു വി എസിന്. സ്വന്തം പാർട്ടിയിലെത്തന്നെ ഒരു വിഭാഗമാണ് അദ്ദേഹത്തിന്റെ തോൽവിക്ക് പിന്നിലെന്ന് പിന്നീട് തെളിഞ്ഞു. പക്ഷേ, അതോടെ വി എസ്സിന് ഒരു ശക്തമായ പിന്തുണ കിട്ടിത്തുടങ്ങി. 2001–ൽ മലമ്പുഴ മണ്ഡലത്തിൽ മത്സരിച്ചപ്പോൾ ചെറിയ ഭൂരിപക്ഷം മാത്രമാണ് നേടാനായത്. 2006–ൽ ഇതേ മണ്ഡലത്തിൽ മുന്നത്തെ എതിരാളിയായ സതീശൻ പാച്ചേനിയെ വമ്പിച്ച ഭൂരിപക്ഷത്തിന് തന്നെ അദ്ദേഹം തോൽപ്പിച്ചു.2006 –ൽ നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയിച്ചപ്പോൾ വി എസ് മുഖ്യമന്ത്രിയാകുമോ എന്ന കാര്യത്തിൽ സംശയമുണ്ടായിരുന്നു. പാർട്ടിക്കുള്ളിലെ വിഭാഗീയത തന്നെയായിരുന്നു കാരണം. എന്നാൽ, വി എസ്സ് തന്നെ മുഖ്യമന്ത്രിയായി. നിരവധി വിമർശനങ്ങൾ അദ്ദേഹത്തിനെതിരെ എടുത്ത് പ്രയോഗിക്കപ്പെടാറുണ്ടെങ്കിലും അദ്ദേഹത്തിന്റെ ജനകീയതയ്ക്ക് മാത്രം കോട്ടം തട്ടിയിരുന്നില്ല. ഈ പ്രായത്തിലും അദ്ദേഹം പറയുന്ന വാക്കുകൾക്ക് കാതോർക്കുന്നുണ്ട് രാഷ്ട്രീയ കേരളം. അദ്ദേഹത്തിന്റെ നിലപാടുകൾക്കൊപ്പം നിൽക്കുകയും. കേരള രാഷ്ട്രീയത്തിലെ പ്രായമാകാത്ത ശബ്ദത്തിന് കേരളപ്രണാമം കുടുംബത്തിന്റെ 99ാം പിറന്നാൾ ആശംസകൾ.





# ടയറുകൾ അപകടാവസ്ഥയിൽ,ഫസ്റ്റ് എയ്ഡ് ബോക്സിൽ മരുന്നില്ല

**കൊച്ചി:** അഞ്ച് തരം നിയമലംഘനങ്ങൾ കണ്ടെത്തിയതിനെത്തുടർന്ന് കേരളാ ബ്ളാസ്റ്റേഴ്സിന്റെ ടീം ബസിന് നേരെ നടപടിയുമായി മോട്ടോർ വാഹന വകുപ്പ്.ബസിന്റെ ടയറുകൾ അപകടാവസ്ഥയിലായിരുന്നു. ടയർ പൊട്ടി ട്യൂബ് കാണുന്ന തരത്തിലായിരുന്നു. ബോണറ്റ് തകർന്ന നിലയിലായിരുന്നെന്നും ഫസ്റ്റ് എയ്ഡ് ബോക്സിൽ മരുന്നുകളുണ്ടായിരുന്നില്ലെന്നും മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. ബസിന്റെ റിയർവ്യൂ മിററും തകർന്നിരുന്നു. ഈ ബസിൽ പനമ്പിള്ളി നഗറിൽ ബ്ളാസ്റ്റേഴ്സ് പരിശീലനത്തിനെത്തിയിരുന്നു. ഇവിടെയെത്തിയാണ് ഉദ്യോഗസ്ഥർ പരിശോധിച്ചത്. ബസിന്റെ ഫിറ്റ്നസ് റദ്ദാക്കിയതായി മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു.സംസ്ഥാനത്ത് വടക്കാഞ്ചേരി അപകടത്തിന് ശേഷം ടൂറിസ്റ്റ് ബസുകൾക്ക് നേരെ കർശന നടപടിയാണ് മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചത്. ടൂറിസ്റ്റ് ബസുകളിലും കെഎസ്ആർടിസി ബസുകളിലും പരിശോധന നടത്തുകയും പിഴയീടാക്കുകയും ചെയ്തിരുന്നു. കേരള ബ്ളാസ്റ്റേഴ്സിന്റെ ടീം ബസിൽ അപകടകരമായ രീതിയിൽ സ്റ്റിക്കർ പതിച്ചതും ഗുരുതര വീഴ്ച്ചയായി മോട്ടോർ വാഹന വകുപ്പ് ചൂണ്ടിക്കാട്ടിയിരുന്നു എന്നാൽ പ്രശ്നങ്ങൾ പരിഹരിക്കാനോ മോട്ടോർ വകുപ്പ് ഉദ്യോഗസ്ഥരെ കാണാനോ ബസ് അധികൃതർ തയ്യാറാകാത്തതാണ് ഇന്ന് നടപടിയിലേക്ക് നീങ്ങിയത്. ബസിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ 14 ദിവസത്തെ സമയം ഉടമകൾക്ക് നൽകി.




# ഡാരൻ സാമി ഫൺ 88ന്റെ ബ്രാൻഡ് അംബാസഡർ ആയി തുടരും

അതിവേഗം വളരുന്ന സ്പോർട്സ് പ്ലാറ്റ്ഫോമായ ഫൺ 88 ഇന്ത്യൻ വിപണിയിൽ അതിന്റെ സാന്നിധ്യം വർദ്ധിപ്പിക്കുന്നതിനായി നിക്ഷേപം തുടരുന്നു. പുതിയ ഉപയോക്താക്കളെ ആകർഷിക്കുന്നതിനും എല്ലാ കായിക വിനോദങ്ങളുടെയും ലക്ഷ്യസ്ഥാനമായി മാറുന്നതിനുമായി, പങ്കാളിത്തങ്ങൾ, സ്പോൺസർഷിപ്പുകൾ, പരസ്യം ചെയ്യൽ, ബ്രാൻഡ് കാമ്പെയ്നുകൾ എന്നിവയുമായി ഫൺ 88 തങ്ങളുടെ സാന്നിധ്യം ശക്തമാക്കുന്നു.ഇന്ത്യയുടെ പ്രിയപ്പെട്ട സ്പോർട്സ് പ്ലാറ്റ്ഫോമായ ഫൺ 88 ഡാരൻ സമ്മിയുമായുള്ള നിലവിലുള്ള പങ്കാളിത്തം ഒരുപടി മുന്നോട്ട് വെച്ചുകൊണ്ട്, 'യുദ്ധങ്ങൾ ഡിജിറ്റൽ കളിസ്ഥലങ്ങളിലാണ് പോരാടേണ്ടത്, ഗ്രൗണ്ടിൽ അല്ല' എന്ന കേന്ദ്ര സന്ദേശത്തോടെ അതിന്റെ ഏറ്റവും പുതിയ ബ്രാൻഡ് കാമ്പെയ്ൻ ആരംഭിക്കുന്നു. ഫൺ 88 അതിന്റെ ബ്രാൻഡ് അംബാസഡറായി 2021 ജൂലൈയിൽ ഡാരൻ സാമിയെ നിയമിച്ചിരുന്നു. മൂന്ന് ബ്രാൻഡ് ഫിലിമുകളിൽ വ്യാപിച്ചുകിടക്കുന്ന, ഫൺ 88ന്റെ പ്രചാരണം ഡാരനെ മൂന്ന് വ്യത്യസ്ത അവതാരങ്ങളിൽ കാണിക്കുന്നു, അവിടെ അവൻ വഴക്കുകൾ തകർക്കുന്നതും ഫൺ 88ന്റെ ഡിജിറ്റൽ പ്ലേഗ്രൗണ്ടിൽ അതിനെ നേരിടാൻ ആളുകളെ പ്രേരിപ്പിക്കുന്നതും കാണാം. തന്റെ പതിവ് ജേഴ്സി ലുക്കിന് വിരുദ്ധമായി, ഡാരൻ ഒരു സിനിമയിൽ കിരീടം ധരിച്ചും മറ്റൊരു സിനിമയിൽ ഒരു അഭിനേതാവിന്റെ ലുക്കും ആയാണ് വരുന്നത്. മൂന്നാമത്തെ സിനിമ, വളരെ ജനപ്രിയമായ പൂവൻകോഴി പോരാട്ടത്തിന്റെ പശ്ചാത്തലത്തിലാണ്.'ഉപഭോക്താക്കൾ ക്രിക്കറ്റിലും കായികമായും പൊതുവെ ജീവിക്കുന്ന ഞങ്ങൾക്ക് ഇന്ത്യ വളരെ പ്രധാനപ്പെട്ട വിപണിയാണ്. ഈ ഉൾക്കാഴ്ച മനസ്സിൽ വെച്ചുകൊണ്ട്, നിലവിലുള്ളതും സാധ്യതയുള്ളതുമായ ഉപയോക്താക്കളുമായി നേരിട്ട് ബന്ധം സ്ഥാപിക്കുന്നതിനാണ് ഞങ്ങളുടെ കാമ്പെയ്നുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. മൂന്ന് ബ്രാൻഡ് സിനിമകളും രസകരവും അതുല്യവും ആപേക്ഷികവുമാണ്. ഡാരൻ സമ്മി മുഖമുദ്രയാകുന്നതോടെ, ഈ മേഖലയിൽ ഫൺ 88ന്റെ ബ്രാൻഡ് സ്ഥാനം കൂടുതൽ മെച്ചപ്പെടുത്തുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്.' ഫൺ 88-ന്റെ വിപണന സംരംഭങ്ങളെ കുറിച്ച് സംസാരിച്ച ഫൺ 88 വക്താവ് പറഞ്ഞു,.സോഷ്യൽ മീഡിയ, വിഒഡി, ഒടിടി പ്ലാറ്റ്ഫോമുകൾ ഉൾപ്പെടെ ഡിജിറ്റലിലുടനീളം ഫൺ 88ന്റെ കാമ്പെയ്ൻ തത്സമയമാകും.

# ലക്ഷ്വറി സെഡാൻ വിപണിയിൽ

സെഡാനുകളുടെ കാലം കഴിഞ്ഞുവെന്നു പറയുന്നവർക്കിടയിൽ തലയുയർത്തി നിൽക്കുന്നവരാണ് ദക്ഷിണ കൊറിയൻ വാഹന നിർമാതാക്കളായ ഹ്യുണ്ടായി.സാധാരണക്കാർക്കുവേണ്ടി ഒരു ബജറ്റ് കാർ അല്ലെങ്കിൽ അൽപം കൂടി സമ്ബന്നർക്കായി പ്രീമിയം മോഡുകൾ മാത്രം നിർമിക്കുന്ന ഹ്യുണ്ടായിയെ ആവും പലർക്കും പരിചയം.എന്നാൽ ലക്ഷ്വറി കാറുകൾ നിർമിക്കുന്ന ഹ്യുണ്ടായിയുടെ മുഖം പലർക്കുമറിയില്ല. ഏഷ്യൻ രാജ്യത്തിന് പുറത്തുള്ള പല വിപണികളിലുമാണ് കമ്ബനി ഇത്തരം വാഹനങ്ങളിറക്കുന്നതെന്നു മാത്രം. ദേ ഇപ്പോൾ തങ്ങളുടെ ഫ്ലാഗ്ഷിപ്പ് സെഡാനായ ഗ്രാൻഡിയർ അല്ലെങ്കിൽ അസെറയുടെ ഏഴാം തലമുറ മോഡലുമായി കടന്നുവന്ന് ആഡംബര വാഹന നിർമാതാക്കളെയെല്ലാം ഞെട്ടിച്ചിരിക്കുകയാണ് കൊറിയൻ ബ്രാൻഡ് ശരിക്കും പറഞ്ഞാൽ 1986-ലാണ് ഹ്യുണ്ടായി ഗ്രാൻഡിയർ ആദ്യമായി വിപണിയിൽ എത്തുന്നത്. അതിനുശേഷം കൊറിയൻ വിപണിയിൽ ആഡംബരത്തിനും നവീകരണത്തിനും സാങ്കേതികവിദ്യയ്ക്കും ഒരു മാനദണ്ഡമായി പലരും ഈ സെഡാനെ വിലകൽപ്പിച്ചു. പുതിയ ആവർത്തനവും ഇക്കാര്യങ്ങളെല്ലാം അതേപടി നിലനിർത്തിയാണ് പുറത്തിറക്കിയിരിക്കുന്നത്.ഏഴാം തലമുറ ഗ്രാൻഡിയർ



ഭൂതകാലത്തോടുള്ള നമ്മുടെ ആദരവും ഭാവിയിലേക്ക് മുന്നോട്ട് പോകാനുള്ള ഞങ്ങളുടെ പ്രതിബദ്ധതയും പ്രകടിപ്പിക്കുന്നുവെന്നാണ് ഹ്യൂണ്ടായ് ഡിസൈൻ സെന്റർ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും ഹെഡുമായ സാങ്യുപ് ലീയുടെ വാക്കുകൾ തന്നെ.കഴിഞ്ഞ വർഷം, ബ്രാൻഡ് ഹ്യുണ്ടായി ഗ്രാൻഡ്യുർ ഹെറിറ്റേജ് സീരീസ് അവതരിപ്പിച്ചിരുന്നു. അത് അത്യാധുനിക സാങ്കേതികവിദ്യയുടെ ഘടകങ്ങൾ ഉൾക്കൊള്ളുന്ന ആദ്യ തലമുറ മോഡലായിരുന്നു. അതിനാൽ തന്നെ ആ മോഡലും ഈ പുതിയ തലമുറ ഗ്രാൻഡിയർ ലക്ഷ്വറി കാറും തമ്മിൽ സമാനതകൾ കണ്ടെത്താനാകും.ഹ്യുണ്ടായി ഇതുവരെ പുത്തൻ കാറിന്റെ വലിപ്പം, മെക്കാനിക്കലുകൾ അല്ലെങ്കിൽ സാങ്കേതിക വിവരങ്ങളൊന്നും വെളിപ്പെടുത്തിയിട്ടില്ലെന്നതിനാൽ ആളുകൾ ഇതിനായി കാത്തിരിക്കുകയാണിപ്പോൾ. പുതിയ ഹ്യുണ്ടായി ഗ്രാൻഡിയർ ആധുനികവും ആഡംബര പൂർണവുമാണെന്ന് ആദ്യ കാഴ്ച്ചയിൽ തന്നെ മനസിലാക്കാം. മുൻവശത്ത് പാരാമെട്രിക് ഡിസൈൻ ഗ്രില്ലും വീതിയും നന്നായി നിർവചിച്ചിരിക്കുന്നതുമായ എൽഇഡികളുടെ ഒരു വലിയ നിരയും രൂപത്തോട് ഇഴുകിചേരുന്നുണ്ട്.ബെന്റ്ലി അല്ലെങ്കിൽ റോൾസ് റോയ്സ് പോലുള്ള പരമ്ബരാഗത ബ്രാൻഡുകളിൽ നിന്നുള്ള ആഡംബര സെഡാനുകളുടെ ശൈലി സ്വീകരിച്ച് ഗ്രാൻഡിയറിന്റെ സി-പില്ലർ വളരെ പിന്നിലേക്കാണ് ഹ്യുണ്ടായി നൽകിയിരിക്കുന്നത്.ഇത് പിൻസീറ്റിൽ ധാരാളം സ്ഥലം വാഗ്ദാനം ചെയ്യുന്നു. കൂടാതെ വീൽബേസ് എത്രയാണെന്ന് വ്യക്തമാക്കിയിട്ടില്ലെങ്കിലും ഏറെ നീട്ടിവലിച്ചിട്ടുണ്ടെന്ന് ചിത്രങ്ങളിൽ നിന്നും വ്യക്തമാണ്.മറുവശത്ത് ഇതിന് വളരെ വൃത്തിയുള്ള രൂപം നൽകുന്ന മറ്റൊരു ഘടകം ഡോർ പാനലിൽ മറഞ്ഞിരിക്കുന്ന ഡോർ ഹാൻഡിലുകളാണെന്ന് പറയാതെ വയ്യ. അതേസമയം പിൻഭാഗവും വളരെ വൃത്തിയുള്ളതായാണ് കമ്പനി രൂപപ്പെടുത്തി എടുത്തിരിക്കുന്നത്. നേർത്ത എൽഇഡി ലൈറ്റിംഗും ഇതിൽ എടുത്തു കാണിക്കാനാവും.അകത്തളത്തിൽ ഹ്യുണ്ടായി ഗ്രാൻഡിയർ സമൃദ്ധവും സമാധാന പൂർവവുമായ അന്തരീക്ഷം പ്രദാനം ചെയ്യും. ഡാഷ്ബോർഡിലെയും ഡോർ പാനലുകളിലെയും ലൈറ്റിംഗ് ആ ആശയം ശക്തിപ്പെടുത്താൻ ശ്രമിക്കുന്നു. സെൻട്രൽ സ്ക്രീനിന് ഒരു പുതിയ ഇന്റർഫേസ് ഉണ്ടായിരിക്കും. സ്റ്റിയറിംഗ് വീൽ സിംഗിൾ-സ്പോക്ക് ആണ്. ഇത് 1986 മോഡലിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതാണെന്നാണ് പറയുന്നത്.കൂടാതെ സെന്റർ കൺസോളിൽ കൂടുതൽ ഇടം നൽകുന്നതിനായി ഗിയർ ലിവർ ഇപ്പോൾ സ്റ്റിയറിംഗ് കോളത്തിലാണ് സ്ഥിതി ചെയ്യുന്നത്. പരമ്ബരാഗത കൊറിയൻ സ്റ്റിച്ചിംഗ് പാറ്റേണുകളുള്ള ട്രീറ്റർ വുഡ്, അലുമിനിയം, നാപ്പ ലെതർ തുടങ്ങിയ വസ്തുക്കളും ഹ്യുണ്ടായി ഗ്രാൻഡിയറിന്റെ ഇന്റീരിയറിൽ ഉപയോഗിച്ചിട്ടുണ്ട്.





# ഇകോം എക്സ്പ്രസ് കേരളത്തിൽ സ്ത്രീകൾ മാത്രമുള്ള ഡെലിവറി സെൻറർ ആരംഭിച്ചു

**തിരുവനന്തപുരം:** ഒക്ടോബർ 2022: ഇന്ത്യയിലെ മുൻനിര സാങ്കേതികവിദ്യാധിഷ്ഠിത ഫുൾ സ്റ്റാക്ക് ലോജിസ്റ്റിക് സേവന ദാതാക്കളിൽ ഒരാളായ, ഇ-കൊമേഴ്സ് ഇൻഡസ്ട്രിയിലെ, ഇകോം എക്സ്പ്രസ് ലിമിറ്റഡ് കേരളത്തിലെ തിരുവനന്തപുരത്ത് സ്ത്രീകൾ മാത്രമുള്ള ഡെലിവറി സെൻറർ ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു. കമ്പനിയുടെ ദക്ഷിണമേഖലയിലെ ആദ്യത്തെയും രാജ്യത്തെ ഏഴാമത്തെയും വനിതാ ഡെലിവറി കേന്ദ്രമാണിത്. ഇവിടെ ഡെലിവറി സെൻറർ ഹെഡ്, സൂപ്പർവൈസർ, ഡെലിവറി അസോസിയേറ്റ്സ് എന്നീ സ്ഥാനങ്ങൾ വഹിക്കുന്നത് പൂർണമായും സ്ത്രീകളായിരിക്കും. ലോജിസ്റ്റിക് മേഖലയിൽ സ്ത്രീകൾക്ക് അവസരങ്ങൾ വർധിപ്പിച്ചുകൊണ്ട് വൈവിധ്യത്തിനും ഉൾപ്പെടുത്തലിനുമായുള്ള പ്രതിബദ്ധത ശക്തിപ്പെടുത്തുന്നതിനുള്ള കമ്പനിയുടെ ശ്രമങ്ങളുടെ ഭാഗമാണ് പുതിയ കേന്ദ്രം.

FILM WORLD





# ‘നന്മമരം ഇമേജില്ലാത്ത ഒരു മാരക വില്ലൻ കഥാപാത്രം ചെയ്യണം’; നിവിൻ പോളി

ഒരു മാരകമായ വില്ലൻ കഥാപാത്രത്തെ ചെയ്യാൻ ആഗ്രഹിക്കുന്നുവെന്ന് നടൻ നിവിൻ പോളി. സാമൂഹിക പ്രതിബദ്ധതകൾ ഒന്നുമില്ലാതെ നന്മ മരം ഇമേജ് ഇല്ലാത്ത കഥാപാത്രമായിരിക്കണം അതെന്നും നിവിൻ പോളി പറഞ്ഞു. ‘പടവെട്ട്’ സിനിമയുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് റിപ്പോർട്ടർ ടിവിക്ക് നൽകിയ അഭിമുഖത്തിലാണ് നിവിൻ പോളി ഇക്കാര്യം പറഞ്ഞത്.തനിക്കൊരു വില്ലൻ കഥാപാത്രത്തെ ചെയ്യണമെന്ന് വലിയ ആഗ്രഹമാണെന്ന് നിവിൻ പോളി പറഞ്ഞു. കൊടും ക്രൂരനായ വില്ലൻ. സാമൂഹിക പ്രതിബദ്ധതകളോ നന്മ മരം ഇമേജോ ഒന്നുമില്ലാത്ത ഒരു ഡാർക്ക് വില്ലൻ കഥാപാത്രത്തെ അവതരിപ്പിക്കണം. താൻ അതുപോലുള്ള കഥാപാത്രങ്ങൾ ചെയ്തിട്ടില്ല. ഒരുപാട് നാളത്തെ ആഗ്രഹമാണ്. ചില അഭിമുഖങ്ങളിൽ ഇത് പറയുമ്പോൾ അവർ പല റെഫറൻസുകളുമായി വരും. അതൊന്നുമല്ലാത്ത ഒരു മാരകമായ വില്ലൻ കഥാപാത്രമാണ് വേണ്ടതെന്നും നിവിൻ പോളി പറഞ്ഞു. ലിജു കൃഷ്ണ തിരക്കഥയും സംവിധാനവും നിർവഹിക്കുന്ന ചിത്രമാണ്’പടവെട്ട്’. ഒക്ടോബർ 21നാണ് ചിത്രം തീയറ്ററുകളിൽ എത്തുന്നത്. നിവിൻ പോളിക്ക് പുറമേ അദിതി ബാലൻ, ഷമ്മി തിലകൻ, ഷൈൻ ടോം ചാക്കോ, ഇന്ദ്രൻസ് എന്നിങ്ങനെ വലിയൊരു താരനിര ചിത്രത്തിൽ അണിനിരക്കുന്നുണ്ട്.



# മീനാക്ഷിയുടെ 17–ാം പിറന്നാൾ ആഘോഷമാക്കി കുടുംബം

ബാലതാരമായി എത്തി ശ്രദ്ധ നേടിയ താരമാണ് മീനാക്ഷി. നാദിർഷ സംവിധാനം ചെയ്ത അമർ അക്ബർ അന്തോണി എന്ന ചിത്രത്തിൽ നിർണായ കഥാപാത്രത്തെ അവതരിപ്പിച്ചാണ് മീനാക്ഷി സിനിമയിൽ ചുവടുവച്ചത്. തുടർന്ന് മോഹൻലാലിനൊപ്പം ഒപ്പം എന്ന ചിത്രത്തിലും മീനാക്ഷി അഭിനയിച്ചു. ഫ്ളവേഴ്സ് ചാനൽ അവതരിപ്പിക്കുന്ന ടോപ് സിംഗറിൽ അവതാരകയായും മീനാക്ഷി തിളങ്ങി.ഇപ്പോഴിതാ മീനാക്ഷിയുടെ പതിനേഴാം പിറന്നാൾ ആഘോഷമാക്കിയിരിക്കുകയാണ് കുടുംബം. സുഹൃത്തുക്കൾക്കും അടുത്ത കുടുംബാംഗങ്ങൾക്കുമൊപ്പമായികുന്നു മീനാക്ഷിയുടെ ആഘോഷം. മകൾക്ക് പിറന്നാൾ സമ്മാനമായി മാതാപിതാക്കൾ നൽകിയത് ഐ ഫോൺ 14 പ്രൊ മാക്സായിരുന്നു.മീനാക്ഷിയുടെ ജീവിതത്തിൽ ആദ്യമായി ലഭിക്കുന്ന ഫോണാണിത്. പതിനേഴ് വയസ് പൂർത്തിയായപ്പോഴാണ് ഫോൺ ഉപയോഗിക്കാൻ അച്ഛനും അമ്മയും സമ്മതിച്ചതെന്ന് മീനാക്ഷി പറയുന്നു.





# മോൺസ്റ്റർ ഇതുവരെ മലയാളത്തിൽ കാണാത്ത പ്രമേയമെന്ന് മോഹൻലാൽ

ആരാധകർ വളരെ പ്രതീക്ഷയോടെയും ആവേശത്തോടെയും കാത്തിരിക്കുന്ന മോഹൻലാൽ ചിത്രമാണ് മോൺസ്റ്റർ. സിനിമയെക്കുറിച്ച് വാചാലനായിരിക്കുകയാണ് താരം. മലയാളത്തിൽ ആദ്യമായിട്ടായിരിക്കും ഇത്രം ധൈര്യപൂർവം ഇങ്ങനെയൊരു പ്രമേയം അവതരിപ്പിക്കുന്നതെന്ന് മോഹൻലാൽ പറഞ്ഞു. ഫേസ്ബുക്കിൽ പങ്കുവെച്ച വീഡിയോയിൽ ആണ് മോഹൻലാൽ മോൺസ്റ്റർ സിനിമയെക്കുറിച്ച് മനസ് തുറന്നത്. ഒരുപാട് പ്രത്യേകതകളുള്ള സിനിമയാണെന്നും ഒരുപാട് സർപ്രൈസ് എലമെന്റുകളുണ്ടെന്നും മോഹൻലാൽ പറഞ്ഞു.തിരക്കഥ തന്നെയാണ് ചിത്രത്തിലെ നായകനും വില്ലനും. പ്രമേയമാണ് ഇതിലെ പ്രത്യേകത. ഒരുപക്ഷേ മലയാളത്തിൽ ആദ്യമായിട്ടായിരിക്കും ഇങ്ങനെ ഒരു പ്രമേയം ധൈര്യപൂർവം അവതരിപ്പിച്ചിരിക്കുന്നത്. തിരക്കഥ തന്നെയാണ് താരം. ഈ സിനിമയിൽ ഹിറോ, വില്ലൻ കോൺസെപ്റ്റ് ഉണ്ടോ എന്ന് ചോദിച്ചാൽ തിരക്കഥ തന്നെയാണ് നായകൻ, തിരക്കഥ തന്നെയാണ് വില്ലൻ എന്നു മാത്രമേ പറയാൻ പറ്റുകയുള്ളൂവെന്നും മോഹൻലാൽ പറഞ്ഞു.ഇത്തരം സിനിമകളിൽ ഒരു ആക്ടർ എന്ന നിലയിൽ അഭിനയിക്കാൻ കഴിയുന്നത് വളരെ അപൂർവമായാണ്. ഈ സിനിമയിൽ അഭിനയിച്ചതിൽ വളരെ ഹാപ്പിയാണ് താനെന്നും സിനിമയെപ്പറ്റി ഇത്രയേ പറയാനുള്ളൂവെന്നും മോഹൻലാൽ പറഞ്ഞു. ഒക്ടോബർ 21നാണ് മോൺസ്റ്റർ സിനിമ റിലീസ് ചെയ്യുന്നത്. പുലിമുരുകന് ശേഷം വൈശാഖ് മോഹൻലാലിനെ നായകനാക്കി ഒരുക്കുന്ന ചിത്രമാണ് മോൺസ്റ്റർ. ഉദയ് കൃഷ്ണയാണ് ചിത്രത്തിന്റെ തിരക്കഥ.ഇതിനിടെ, ചിത്രത്തിൽ എൽ ജി ബി ടി ക്യൂ രംഗങ്ങൾ ഉള്ളതിനാൽ ഗൾഫ് മേഖലയിൽ ചിത്രത്തിന് പ്രദർശന അനുമതി നിഷേധിച്ചിരിക്കുകയാണ്. ഒരു ക്രൈം ത്രില്ലർ ചിത്രമായാണ് മോൺസ്റ്റർ എത്തുന്നത്. മോഹൻലാലിന് ഒപ്പം വൻ താരനിരയാണ് ചിത്രത്തിൽ അണി നിരക്കുന്നത്. സുദേവ് നായർ, സിദ്ദിഖ്, ജോണി ആന്റണി .കൈലാഷ്, ഗണേഷ് കുമാർ ബിജു പപ്പൻ, ഹണി റോസ്, ലഷ്മി മഞ്ജു, സ്വാസിക എന്നിവരാണ് മറ്റുപ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ഹരി നാരായണന്റെ വരികൾക്ക് ദീപക് ദേവ് ആണ് സംഗീതം നൽകിയിരിക്കുന്നത്. സതീഷ് കുറുപ്പ് ഛായാഗ്രഹണവും ഷമീർ മുഹമ്മദ് എഡിറ്റിംഗും നിർവഹിക്കുന്നു. കലാസംവിധാനം ഷാജി നടുവിൽ മേക്കപ്പ് ജിതേഷ് ചൊയ്യ, കോസ്റ്റ്യൂം. -ഡിസൈൻ -സുജിത് സുധാകരൻ. ചീഫ് അസ്സോസ്സിയേറ്റ് ഡയറക്ടേർസ് രാജേഷ് ആർ.കൃഷ്ണൻ, സിറാജ് കല്ല, ഫിനാൻസ് കൺട്രോളർ- മനോഹരൻ. കെ.പയ്യന്നൂർ, പ്രൊഡക്ഷൻ എക്സിക്കുട്ടീവ്സ് നന്ദു പൊതുവാൾ, സജി.സി.ജോസഫ്. പ്രൊഡക്ഷൻ കൺട്രോളർ-സിദ്ദു പനയ്ക്കൽ. വാഴൂർ ജോസ്. ഫോട്ടോ ബന്നറ്റ്.




## 'ഏഷ്യാകപ്പ് വേദി മാറ്റിയാൽ', ജയ് ഷായുടെ പ്രതികരണത്തിന് പിന്നാലെ ഭീഷണിയുമായി പാകിസ്ഥാൻ

**ഇസ്‌ലാമാബാദ്:** 2023ലെ ഏഷ്യാകപ്പ് ക്രിക്കറ്റ് ടൂർണമെന്റിൽ പങ്കെടുക്കുന്നതിനായി ഇന്ത്യൻ ടീം പാകിസ്ഥാനിലേയ്ക്ക് പോകില്ലെന്ന് ബി സി സി ഐ സെക്രട്ടറി ജയ് ഷാ വ്യക്തമാക്കിയതിന് പിന്നാലെ പ്രതികരണവുമായി പാകിസ്ഥാൻ രംഗത്ത്.ഏഷ്യാകപ്പ് വേദി മാറ്റിയാൽ അടുത്ത വർഷം ഇന്ത്യയിൽ നടക്കുന്ന ഏകദിന ലോകകപ്പിൽ തങ്ങൾ പങ്കെടുക്കില്ലെന്ന് പാകിസ്ഥാൻ ഭീഷണി മുഴക്കി. ഏഷ്യാകപ്പ് മത്സരം നിക്ഷ്പക്ഷമായ സ്ഥലത്തുവച്ചാകും നടക്കുകയെന്ന് ഏഷ്യൻ ക്രിക്കറ്റ് കൗൺസിൽ (എ സി സി) അദ്ധ്യക്ഷൻ കൂടിയായ ജയ് ഷാ കഴിഞ്ഞ ദിവസം സൂചിപ്പിച്ചിരുന്നു. ഇതിന് പിന്നാലെയാണ് പാകിസ്ഥാന്റെ പ്രതികരണം.കടുത്ത തീരുമാനങ്ങളെടുക്കാൻ തയ്യാറാണെന്ന് പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡ് ( പി സി ബി) വൃത്തങ്ങളെ ഉദ്ധരിച്ച് വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു. ഏഷ്യാകപ്പ് വേദി മാറ്റുന്നതിൽ പ്രതിഷേധിച്ച് ഐ സി സിയ്ക്ക് കത്തയയ്ക്കാൻ പി സി ബി അദ്ധ്യക്ഷൻ റമീസ് രാജ തീരുമാനിച്ചതായും സൂചനയുണ്ട്. എന്നാൽ വിഷയത്തിൽ പി സി ബി ഇതുവരെ ഔദ്യോഗികമായി പ്രതികരിച്ചിട്ടില്ല. പ്രശ്നത്തിൽ രാജ്യാന്തര ക്രിക്കറ്റ് കൗൺസിലും (ഐ സി സി) പ്രതികരിച്ചിട്ടില്ല. അടുത്തമാസം മെൽബണിൽ നടക്കുന്ന ഐ സി സി ബോർഡ് യോഗത്തിൽ പി സി ബി വിഷയം ഉന്നയിച്ചേക്കുമെന്നാണ് സൂചന.ഒക്ടോബർ 23ന് ടൺടി20 ലോകകപ്പിൽ ഇന്ത്യ- പാകിസ്ഥാൻ മത്സരം നടക്കാനിരിക്കേയാണ് ഇരു ക്രിക്കറ്റ് ബോർഡുകളും തമ്മിൽ ശീതയുദ്ധം നടക്കുന്നത്. യു എ ഇയിൽ കഴിഞ്ഞ വർഷം നടന്ന ടി20 വേൾഡ് കപ്പിൽ പാകിസ്ഥാൻ ഇന്ത്യയെ മുട്ടുകുത്തിച്ചിരുന്നു. ഇരു ബോർഡുകളും തമ്മിൽ തർക്കമാരംഭിച്ചതോടെ അടുത്തവർഷം ഇന്ത്യയിൽ നടക്കുന്ന ഏകദിന ലോകകപ്പ് മത്സരവും പാകിസ്ഥാനിൽ നടക്കുന്ന ഏഷ്യാ കപ്പ് ടൂർണമെന്റും അനിശ്ചിതത്വത്തിലായിരിക്കുകയാണ്.



## 'വിശിഷ്ടാതിഥികൾ' ഇന്ന് ഖത്തറിലെത്തും; യാത്രയയച്ച് ചൈന

**ദോഹ:** ലോകകപ്പ് പടിവാതിൽക്കലെത്തിനിൽക്കെ, ഖത്തറിന്റെ മണ്ണിലേക്കുള്ള പുതുപുത്തൻ അതിഥികൾക്ക് ചൈന ഊഷ്മള യാത്രയയപ്പ് നൽകി. അൽഖോർ പാർക്കിൽ വി.ഐ.പി താമസമൊരുക്കുന്ന അതിഥികൾ ഇന്ന് ഖത്തറിലെത്തും. ലോകകപ്പിന് ചൈനക്കാരുടെ സമ്മാനമെന്നനിലയിൽ നൽകുന്ന രണ്ട് ഭീമൻ പാണ്ടകളാണ് ചൊവ്വാഴ്ച ചൈനയിലെ സിചുവാൻ പ്രവിശ്യയിലെ ബിഫൻസിയ പാണ്ട ബേസിൽനിന്ന് പുറപ്പെട്ടത്. സുഹൈൽ, തുറായ എന്നിങ്ങനെ വിളിച്ച ഇരുവരും ബുധനാഴ്ച ഖത്തറിലെത്തുമെന്ന് ചൈനീസ് അംബാസഡർ ഴു ജിയാൻ ട്വീറ്റ് ചെയ്തു.ഇതാദ്യമായാണ് ചൈനയിലെ പ്രശസ്തമായ പാണ്ട ബേസിൽനിന്ന് മധ്യപൂർവേഷ്യൻ രാജ്യത്തേക്ക് പാണ്ടയെ കൈമാറുന്നത്. ജീവനക്കാരുടെ പരിപാലകരെല്ലാം ചേർന്ന് വലിയ ആഘോഷത്തോടെയാണ് ഖത്തറിന് സമ്മാനിക്കുന്ന പുതിയ അതിഥികളെ യാത്രയാക്കിയത്. സിഹായ് എന്നായിരുന്നു തുറായയുടെ ആദ്യ പേര്. ഷെൻഷുപിങ്ങിൽ 2018 സെപ്റ്റംബർ 19നായിരുന്നു ഈ ഭീമൻപാണ്ടയുടെ ജനനം. ജിങ് ജിങ് എന്ന വിളിപ്പേരുകാരനാണ് തിളക്കമേറിയ നക്ഷത്തിന്റെ പേരായ സുഹൈൽ എന്ന പേര് നൽകിയത്.അൽ ഖോർ പാർക്കിൽ പ്രത്യേകം സജ്ജമാക്കിയ ആവാസകേന്ദ്രത്തിലേക്കാണ് പാണ്ടകളെ കൊണ്ടുവരുന്നത്. ഇവരുടെ താമസവും മറ്റും പരിശോധിക്കുന്നതിനായി ചൈനയിൽനിന്നുള്ള വിദഗ്ധസംഘവും എത്തിയിട്ടുണ്ട്. ലോകകപ്പിനായി 140 കോടി വരുന്ന ചൈനക്കാരുടെ സമ്മാനമാണ് രണ്ട് പാണ്ടകളെന്ന് അംബാസഡർ നേരത്തെ വ്യക്തമാക്കിയിരുന്നു.





## അണ്ടർ 17 വനിതാ ലോകകപ്പ്: ക്വാർട്ടർ ലൈനപ്പായി

**ഭുവനേശ്വർ:** അണ്ടർ 17 വനിതാ ലോകകപ്പിൽ ഗ്രൂപ്പ് ഡിയിൽ നിന്ന് ഫ്രാൻസിനെ കീഴടക്കി ജപ്പാനും കാനഡയോട് അവസാന മത്സരത്തിൽ സമനില പിടിച്ച് ടാൻസാനിയയും ഗ്രൂപ്പ് സിയിൽ നിന്ന് മെക്സിക്കോയെ കീഴടക്കി കൊളംബിയയും ചൈനയെ കീഴടക്കി സ്പെയിനും ക്വാർട്ടറിൽ കടന്നു.



## ഇന്ത്യ – ന്യൂസീലൻഡ് സന്നാഹമത്സരം മഴ കാരണം ഉപേക്ഷിച്ചു

ഇന്ത്യയും ന്യൂസീലൻഡും തമ്മിലുള്ള സന്നാഹമത്സരം ഉപേക്ഷിച്ചു. ബ്രിസ്ബണിൽ കനത്ത മഴ ആയതിനെ തുടർന്നാണ് ടോസ് പോലും ഇടാതെ മത്സരം ഉപേക്ഷിച്ചത്.ഇതേ സ്റ്റേഡിയത്തിൽ ഈ മത്സരത്തിനു മുൻപ് നടന്ന അഫ്ഗാനിസ്ഥാൻ - പാകിസ്താൻ മത്സരവും മഴ മൂലം ഉപേക്ഷിച്ചു.അഫ്ഗാനിസ്താന്റെ ഇന്നിംഗ്സ് അവസാനിച്ച് പാകിസ്താൻ 2.2 ഓവർ ബാറ്റ് ചെയ്തപ്പോൾ മഴ പെയ്തതിനെ തുടർന്ന് ഈ മത്സരം ഉപേക്ഷിക്കുകയായിരുന്നു. ഈ മഴ തോർന്നില്ല. തുടർന്നാണ് ഇന്ത്യ-ന്യൂസീലൻഡ് സന്നാഹമത്സരവും ഉപേക്ഷിച്ചത്.





## ട്വൻറി20 ലോകകപ്പ് സെമി ഫൈനലിസ്റ്റുകളെ പ്രവചിച്ച് സചിൻ

ട്വൻറി20 ലോകകപ്പ് സെമി ഫൈനലിസ്റ്റുകളെ പ്രവചിച്ച് ക്രിക്കറ്റ് ഇതിഹാസം സചിൻ തെണ്ടുൽക്കർ. ആസ്ട്രേലിയ വേദിയാകുന്ന ലോകകപ്പിൻറെ ഗ്രൂപ്പ് മത്സരങ്ങൾ കഴിഞ്ഞദിവസം ആരംഭിച്ചിരുന്നു.ഇന്ത്യ, ഇംഗ്ലണ്ട്, ആസ്ട്രേലിയ, പാകിസ്താൻ ടീമുകൾ അവസാന നാലിൽ ഇടംപിടിക്കുമെന്ന് മാസ്റ്റർ ബ്ലാസ്റ്റർ പറയുന്നു. ടെലിഗ്രാഫിന് നൽകിയ അഭിമുഖത്തിലാണ് താരം ടൂർണമെൻറിലെ സെമി ഫൈനലിസ്റ്റുകളെ പ്രവചിച്ചത്. ഇന്ത്യ ചാമ്പ്യന്മാരാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. പക്ഷേ എന്റെ ടോപ്പ് നാലു ടീമുകൾ ഇന്ത്യ, പാകിസ്താൻ, ആസ്ട്രേലിയ, ഇംഗ്ലണ്ട് എന്നിവ ആയിരിക്കും -സചിൻ പറഞ്ഞു.ഇന്ത്യക്ക് മികച്ച അവസരമാണ്. ഈ ടീം സന്തുലിതമാണ്, മികച്ച പ്രകടനം നടത്താനാകും. അതുകൊണ്ടു തന്നെ ഞാൻ ഏറെ പ്രതീക്ഷയിലാണ്. കഴിഞ്ഞ തവണത്തെ റണ്ണേഴ്സ് അപ്പായ ന്യൂസിലാൻഡും ദക്ഷിണാഫ്രിക്കയും ടൂർണമെൻറിലെ കരുത്തകുതിരകളാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സൂര്യകുമാർ യാദവിനെയും സചിൻ ഏറെ പ്രശംസിച്ചു. ആത്മവിശ്വാസമുള്ള ബാറ്ററാണ്. ബാറ്ററെന്ന നിലയിലുള്ള അദ്ദേഹത്തിൻറെ വളർച്ച അഭിനന്ദനമർഹിക്കുന്നതാണെന്നും സചിൻ പറഞ്ഞു. ആസ്ട്രേലിയ, ദക്ഷിണാഫ്രിക്ക ടീമുകൾക്കെതിരെ നാട്ടിൽ ട്വൻറി20 പരമ്പര നേടിയതിൻറെ അനുകൂല്യവുമായാണ് ഇന്ത്യ ഇറങ്ങുന്നത്.



## ഫുട്ബാൾ ആരാധകർ തിരക്കിൽപെട്ട് മരിച്ച സ്റ്റേഡിയം പൊളിക്കാൻ ഇന്തോനേഷ്യ

**ജകാർത്ത:** ഫുട്ബാൾ കളിക്കിടെയുണ്ടായ തിക്കിലും തിരക്കിലുംപെട്ട് 131 പേർ മരിച്ച സ്റ്റേഡിയം പൊളിക്കാനുള്ള തീരുമാനവുമായി ഇന്തോനേഷ്യ. മതിയായ സുരക്ഷ സൗകര്യങ്ങളുമായി കൻജുരുഹൻ സ്റ്റേഡിയം പുനർനിർമിക്കുമെന്ന് പ്രസിഡന്റ് ജോകോ വിഡോഡോ അറിയിച്ചു. പൂർണമായും 'ഫിഫ' നിർദേശപ്രകാരമാകും പുനർനിർമാണം. കളി നിയന്ത്രിക്കുന്ന രീതി രാജ്യത്ത് അടിമുടി മാറേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. 2023ലെ അണ്ടർ20 ലോകകപ്പ് ഫുട്ബാളിന് ആതിഥ്യമേകാൻ ഒരുങ്ങുകയാണ് ഇന്തോനേഷ്യ.ഈ മാസം ഒന്നിനാണ് ലോകത്തെ ഞെട്ടിച്ച ദുരന്തത്തിന് ഇന്തോനേഷ്യ സ്റ്റേഡിയം സാക്ഷിയായത്. കാണികൾ സ്റ്റേഡിയം വിടാനൊരുങ്ങവേയാണ് തിക്കും തിരക്കുമുണ്ടായത്. ജനങ്ങളെ പിരിച്ചുവിടാൻ പൊലീസ് നടത്തിയ കണ്ണീർവാതക പ്രയോഗമാണ് അപകടത്തിലേക്ക് നയിച്ചതെന്ന് കഴിഞ്ഞയാഴ്ച പുറത്തുവിട്ട അന്വേഷണ റിപ്പോർട്ട് വ്യക്തമാക്കിയിരുന്നു. കളി കാണാനെത്തുന്നവർക്കുനേരെയുള്ള കണ്ണീർവാതക പ്രയോഗം 'ഫിഫ' നിരോധിച്ചതാണ്. സംഭവത്തിൽ പൊലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ ആറുപേർക്കെതിരെ ക്രിമിനൽ കുറ്റംചുമത്തിയിട്ടുണ്ട്.സ്റ്റേഡിയത്തിൽ കൊള്ളാവുന്നതിലധികം പേർക്ക് അനുമതി നൽകി, പുറത്തേക്കുള്ള വഴി അടച്ചു, ടെലിവിഷൻ റേറ്റിങ് കൂട്ടാനായി കളി രാത്രിയിലാക്കി തുടങ്ങി മറ്റു നിരവധി ആരോപണങ്ങളും അന്വേഷണ റിപ്പോർട്ടിലുണ്ടായിരുന്നു.




## ടി- 20യിൽ രണ്ടാം റാങ്കുകാരനായി സൂര്യകുമാർ യാദവ്

ടി-20 ഫോർമാറ്റ് ബാറ്റർമാരുടെ റാങ്ക് പട്ടികയിൽ രണ്ടാം സ്ഥാനത്ത് സൂര്യകുമാർ യാദവ്. ഐസിസി പുറത്തിറക്കിയ പുരുഷ താരങ്ങളുടെ പുതിയ പട്ടികയിലാണ് സൂര്യകുമാർ രണ്ടാം സ്ഥാനം നിലനിർത്തിയത്.838 പോയിന്റുകളോടെയാണ് സൂര്യകുമാർ യാദവ് രണ്ടാം സ്ഥാനം കരസ്ഥമാക്കിയത്. ന്യൂസീലൻഡിനെതിരെയുള്ള സീരിസിൽ സ്ഥിരതയുള്ള പ്രകടനം കാഴ്ച വച്ച പാക്കിസ്ഥാന്റെ മുൻ നിര ബാറ്ററായ മുഹമ്മദ് റിസ്‌വാൻ (861 പോയ്ന്റ്സ്) ഒന്നാം സ്ഥാനം നിലനിർത്തി.

EDITORS CHOICE

## 'ലോകത്തിലെ ഏറ്റവും വൃത്തികെട്ട സ്ത്രീ' എന്ന് വിശേഷിപ്പിക്കപ്പെട്ടു



ലോകത്തിലെ അനീതികളുടെ ഒരു ദാരുണമായ സാക്ഷ്യമാണ് മേരി ആൻ ബെവൻ. കാരണം ലോകം ഇന്നും അവളെ വിശേഷിപ്പിക്കുന്നത് 'ലോകത്തിലെ ഏറ്റവും വൃത്തികെട്ട സ്ത്രീ' എന്നാണ്. എന്നാൽ, ഒരു നേഴ്സ് ആയിരുന്ന മേരി ആൻ കേൾക്കാൻ ആരും ഇഷ്ടപ്പെടാത്ത ആ വിശേഷണം എങ്ങനെ നേടി എന്ന് കൂടി അറിയുമ്പോഴാണ് ഇന്നും ആ പദവി കൊണ്ട് അവളെ വിശേഷിപ്പിക്കുന്നതിലുള്ള അനീതി വ്യക്തമാവുന്നത്. ഈസ്റ്റ് ലണ്ടനിലെ ഒരു തൊഴിലാളി വർഗ കുടുംബത്തിൽ ആയിരുന്നു മേരി ആൻ ജനിച്ചത്. ഏഴു സഹോദരങ്ങളായിരുന്നു അവൾക്ക് ഉണ്ടായിരുന്നത്. മേരി ആൻ വെബ്സ്റ്റർ എന്നായിരുന്നു അന്ന് അവളുടെ പേര്. പ്രാഥമിക വിദ്യാഭ്യാസം നേടിയശേഷം അവൾ ഒരു നേഴ്സ് ആയി ജോലിയിൽ പ്രവേശിച്ചു. 1902 -ൽ അവർ തോമസ് ബേവനെ വിവാഹം കഴിച്ചു. ഏറെ സന്തോഷകരമായിരുന്നു അവരുടെ ദാമ്പത്യ ജീവിതം. അവർക്ക് നാല് കുട്ടികളുണ്ടായിരുന്നു. എന്നാൽ, 1914 - ൽ തോമസ് ബെവൻ പെട്ടെന്ന് മരിച്ചു.വിവാഹം കഴിഞ്ഞയുടനെ, ഏകദേശം 32 വയസ്സുള്ളപ്പോൾ മേരിയിൽ അക്രോമെഗാലി എന്ന രോഗത്തിൻറെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ഇത് ചിലപ്പോൾ ഒരാളുടെ മുഖത്തിന് വിചിത്രമായ രൂപം നൽകിയേക്കാം. ബെവന്റെ കാലത്ത് അസുഖം അജ്ഞാതമായിരുന്നു. ക്രമേണ കഠിനമായ തലവേദന അവളെ അലട്ടി തുടങ്ങി. ഇതിനിടയിൽ ഇരു കണ്ണുകളുടെയും കാഴ്ചശക്തിയും കുറഞ്ഞു തുടങ്ങി. ഇതോടെ അവൾ താൻ ഏറെ ഇഷ്ടപ്പെട്ട് നേടിയെടുത്ത നേഴ്സ് ജോലിയിൽ നിന്നും പിന്മാറേണ്ടി വന്നു.ഭർത്താവിൻറെ അകാലമരണവും ഒട്ടും പ്രതീക്ഷിക്കാതെ തന്നെ തേടിയെത്തിയ രോഗവും മേരിയെ തളർത്തി. ഇതോടെ നാലു മക്കളെ എങ്ങനെ വളർത്തും എന്നുള്ള ആശങ്ക അവളിൽ നിറഞ്ഞു. ഒടുവിൽ അവൾ ഒരു തീരുമാനത്തിലെത്തി. തന്റെ വിരൂപമായ ശരീരത്തെ തന്നെ ജീവിത ചെലവിനുള്ള വക കണ്ടെത്താൻ ഉപയോഗിക്കാം. അങ്ങനെ അവൾ വേൾഡ് അഗ്ലീസ്റ്റ് വുമൺ മത്സരത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചു. ആ മത്സരത്തിൽ വിജയിയായ അവൾക്ക് കൈ നിറയെ പണം കിട്ടി. ഒപ്പം ഒരു ജോലിയും.ഒരു സർക്കസ് കമ്പനിയിലെ സൈഡ് ഷോകളിൽ പങ്കെടുക്കുകയായിരുന്നു അവളുടെ ജോലി. എന്നാൽ സർക്കസിലെ പ്രധാന ഐറ്റങ്ങൾക്കിടയിലെ ചെറിയ സമയങ്ങളിൽ കാണികൾക്ക് മുൻപിൽ ചുമ്മാതെ പോയി നിൽക്കുക. കാണികൾ അവളുടെ വൈരൂപ്യത്തെ പരിഹസിച്ചും വിമർശിച്ചും ആനന്ദം കണ്ടെത്തി. കാണികൾ പണം വാരിയെറിഞ്ഞു. തൻറെ മരണംവരെ മേരി ആൻ ചെയ്തത് ഈ ജോലിയായിരുന്നു. അത് അവളുടെ കുടുംബത്തിന് ആവശ്യമുള്ളത്രയും പണം നൽകി. പരിഹാസവും അപമാനവും സഹിച്ചുകൊണ്ട് തൻറെ നാലുമക്കൾക്ക് സുഭിക്ഷമായി ജീവിക്കാനുള്ള വക ആ അമ്മ കണ്ടെത്തി. ഒടുവിൽ 1933 ഡിസംബർ 26 -ന് തന്റെ 53 -ാമത്തെ വയസ്സിൽ മേരി ആൻ മരിച്ചു. എന്നാൽ, ജീവിതകാലത്ത് അവൾക്കു നേരിടേണ്ടി വന്ന അപമാനവും പരിഹാസവും അവളുടെ മരണശേഷവും തുടർന്നു. ഇന്നും സമൂഹമാധ്യമങ്ങളിൽ ഉൾപ്പെടെ ലോകത്തിലെ ഏറ്റവും വൃത്തികെട്ട സ്ത്രീയെന്ന വിശേഷണത്തോടെ അവളുടെ ചിത്രങ്ങൾ പ്രത്യക്ഷപ്പെടാറുണ്ട്. എന്നാൽ കഴിഞ്ഞദിവസം ഗ്രീഫ് ഹിസ്റ്ററി എന്ന ഇൻസ്റ്റാഗ്രാം പേജിൽ മേരി ആൻ ബൊവാന്റെ കഥ വീണ്ടും പ്രത്യക്ഷപ്പെട്ടു. അതിൽ അവർ കുറിച്ചിരുന്നത് ഇങ്ങനെയാണ്, ലോകത്തിലെ ഏറ്റവും വൃത്തികെട്ട സ്ത്രീയെന്ന വിശേഷണത്തോടെയല്ല ഇവർ അറിയപ്പെടേണ്ടത്. മറിച്ച് അതിജീവനത്തിനായി തനിക്ക് ചെയ്യാവുന്നതെല്ലാം ചെയ്ത ഒരു അത്ഭുതകരമായ അമ്മയായി വേണം ബെവനെ ഓർക്കാൻ എന്നാണ്. ഇനിയുള്ള കാലങ്ങളിൽ എങ്കിലും അവൾ അങ്ങനെ ഓർമിക്കപ്പെടട്ടെ.



## ഈ കൊതുകുകൾ എന്താ എന്നെ മാത്രം കടിയ്ക്കുന്നത്?

എന്താ എന്നെ മാത്രം കൊതുക് വിടാതെ പിന്തുടർന്ന് കടിക്കുന്നത് ഈ ചോദ്യം ചോദിച്ചിട്ടുള്ളവരും , മറ്റുള്ളവർ ഈ ചോദ്യം ചോദിക്കുന്നത് കേട്ടിട്ടുള്ളവരും സാധാരണ വിശ്വസിക്കുന്നത് ചില രക്ത ഗ്രൂപ്പുകൾ കൊതുകുകളെ ആകർഷിക്കും എന്നാണ്. എന്നാൽ ഈ വിശ്വാസം തെറ്റാണെന്ന് ഒരു കൂട്ടം ശാസ്ത്രജ്ഞർമാർ തെളിയിച്ചു. പകരം കൊതുകുകളെ ആകർഷിക്കുന്ന കാരണവും അവർ കണ്ടെത്തി. മനുഷ്യരുടെ ത്വക്കിലുള്ള ഗന്ധമാണ് കൊതുകുകളെ ആകർഷിക്കുന്നത്.റോക്ക്ഫെല്ലർ യൂണിവേഴ്സിറ്റി, മെമ്മോറിയൽ സ്ലോൺ കെറ്ററിംഗ് കാൻസർ സെന്റർ, കാവ്‌ലി ന്യൂറൽ സിസ്റ്റംസ് ഇൻസ്റ്റിറ്റ്യൂട്ട്, ഹോവാർഡ് ഹ്യൂസ് മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ നിന്നുള്ള ഗവേഷകരാണ് ഇത് സംബന്ധിച്ച് പഠനം നടത്തിയത്. പഠനഫലം 2022 ഒക്ടോബർ 18ന് സയന്റിഫിക് അമേരിക്കയിൽ പ്രസിദ്ധീകരിച്ചതോടെയാണ് ഈ വിഷയം ലോകശ്രദ്ധ ആകർഷിച്ചത്.ചർമ്മത്തിൽ ഉയർന്ന അളവിൽ കാർബോക്സിലിക് ആസിഡുകളുള്ള ആളുകളെയാണ് കൊതുകുകൾ വിടാതെ പിന്തുടരുന്നതെന്നാണ് ശാസ്ത്രജ്ഞർ കണ്ടെത്തിയത്. ഈ സാന്നിദ്ധ്യം ഗന്ധത്തിലൂടെ മനസിലാക്കുന്ന കൊതുകൾ ഒരു കാന്തമെന്ന പോലെ ആളുകളിലേയ്ക്ക് ആകർഷിക്കപ്പെടും. ത്വക്കിന്റെ ഗന്ധം ഒരാളുടെ ജനിതക ഘടനയുമായി ബന്ധപ്പെട്ടിട്ടുള്ളതായതിനാൽ ജീവിതകാലം മുഴുവൻ ഇത് തുടരും. അതായത് ഒരിക്കൽ കൊതുകുകൾ നിങ്ങളെ പിന്തുടരുന്നു എന്ന് മനസിലാക്കിയാൽ അതിൽ നിന്നും മോചനമില്ലെന്ന് അർത്ഥം.സയന്റിഫിക് അമേരിക്കയിൽ പ്രസിദ്ധീകരിച്ച ലേഖനത്തിൽ കൊതുകുകളെ കുറിച്ച് പഠിക്കാനായി തങ്ങൾ സ്വീകരിച്ച വഴികളെ കുറിച്ചും ശാസ്ത്രജ്ഞർ വിവരിക്കുന്നുണ്ട്. എന്തുകൊണ്ടാണ് ചില ആളുകളെ മറ്റുള്ളവരെ അപേക്ഷിച്ച് കൊതുകുകൾ കൂടുതൽ ആക്രമിക്കുന്നു എന്ന ചോദ്യത്തിൽ നിന്നുമാണ് പഠനം ആരംഭിച്ചത്. 64 ആളുകളിലാണ് പഠന പരീക്ഷണങ്ങൾ നടത്തിയത്. പ്രാഥമിക പഠനത്തിൽ ഒരു വ്യക്തിയുടെ ശരീര ദുർഗന്ധം കൊതുകിനെ കടിക്കാൻ പ്രേരിപ്പിക്കപ്പെടുന്നു എന്ന മനസിലാക്കി. മനുഷ്യരുടെ ശരീരഗന്ധം വ്യത്യസ്ത രാസ സംയുക്തങ്ങൾ കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്, ഇതിൽ കാർബോക്സിലിക് ആസിഡിന്റെ അളവ് കൂടുതലായി ഉൽപ്പാദിപ്പിക്കുന്ന ചർമ്മമുള്ള ആളുകളെ കൊതുകുകൾ കൂടുതൽ ആകർഷിക്കുന്നതായി കണ്ടെത്തി.പഠനത്തിൽ പങ്കെടുത്തവരുടെ കൈകളിൽ അവരുടെ ഗന്ധം പിടിക്കുന്നതിനായി നൈലോൺ സ്റ്റോക്കിംഗ്സ് ആറ് മണിക്കൂറോളം ചുറ്റിവച്ചു. തുടർന്ന് സ്റ്റോക്കിംഗുകൾ കഷണങ്ങളായി മുറിച്ച് ഈഡിസ് ഈജിപ്തി പെൺ കൊതുകുകളുള്ള ബോക്സുകളിൽ വച്ചു. ധാരാളം കാർബോക്സിലിക് ആസിഡ് പുറന്തള്ളുന്നവർ ധരിച്ച സ്റ്റോക്കിംഗുകളിലേക്ക് കൊതുകുകൾ കൂടുതൽ ആകർഷിക്കപ്പെട്ടതായി കണ്ടെത്തി

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com